18
2026
ഏപ്രിൽ
ശനി
മേടം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 84 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-84 പേജ് 4. വില 2.00 രൂപ

02 ഹാർദിക് പാണ്ഡ്യയുടെ ക്യാപ്റ്റൻസിക്ക് എതിരെ വിമർശനം
03 ഉദയകുമാർ ഉരുട്ടിക്കൊലക്കേസ്; അപ്പീലുമായി സുപ്രീംകോടതിയിൽ
04 തീരദേശ മേഖലയിൽ കുടിവെള്ളക്ഷാമം: ജനം ദുരിതത്തിൽ

# വനിതാ സംവരണ ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു



## ● ഭൂരിപക്ഷം തെളിയിക്കാനാവാതെ സർക്കാർ

ന്യൂഡൽഹി: പാർലമെൻറിൻറെ പ്രത്യേക സമ്മേളനത്തിൽ വലിയ രാഷ്ട്രീയ തർക്കങ്ങൾക്കും ചർച്ചകൾക്കും വഴിതുറന്ന വനിതാ സംവരണത്തിനായുള്ള ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു. ബില്ല് പാസാക്കാൻ ആവശ്യമായ മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടാൻ ഭരണപക്ഷത്തിന് കഴിയാതെ വന്നതോടെയാണ് ബിൽ തള്ളപ്പെട്ടത്.

537 അംഗങ്ങളുള്ള ലോക്സഭയിൽ ഭരണഘടനാ ഭേദഗതി പാസാക്കാൻ 360 പേരുടെ പിന്തുണയാണ് വേണ്ടിയിരുന്നത്. എന്നാൽ 293 അംഗങ്ങൾ മാത്രമുള്ള എൻഡിഎയ്ക്ക് ആവശ്യമായ 67 വോട്ടുകൾ അധികമായി സമാഹരിക്കാൻ സാധിച്ചില്ല. ബില്ല് തടയുന്നത് 'ക്രൂരമായ രാഷ്ട്രീയമാണെന്ന്' ആഭ്യന്തര മന്ത്രി അമിത് ഷാ വിമർശിച്ചു. അതേസമയം, മണ്ഡല പുനർനിർണയത്തിലെ അശാസ്ത്രീയതയും പ്രാദേശിക പ്രാതിനിധ്യത്തിലെ കുറവും ചൂണ്ടിക്കാട്ടി പ്രതിപക്ഷം ബില്ലിനെ ശക്തമായി എതിർത്തു.

2023ലെ 'നാരി ശക്തി വന്ദൻ അധികാരി' നിയമം 2026 ഏപ്രിൽ 16 മുതൽ പ്രാബല്യത്തിൽ വരുമെന്ന് സർക്കാർ അറിയിച്ചിരുന്നുവെങ്കിലും, അടുത്ത സെൻസസിന് ശേഷമുള്ള മണ്ഡല പുനർനിർണയത്തിന് ശേഷം മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയൂ എന്ന സാങ്കേതിക വശം തിരിച്ചടിയായി.

വനിതാ സംവരണ ബില്ലിനൊപ്പം അവതരിപ്പിച്ച മണ്ഡല പുനർനിർണയ ബിൽ കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമ ഭേദഗതി ബിൽ എന്നിവയിലും സഭയിൽ ചർച്ചകൾ തുടരുകയാണ്. പ്രതിപക്ഷം ഒന്നിച്ച് നിന്നതോടെ ഭരണഘടനാ ഭേദഗതികൾ പാസാക്കുക എന്നത് സർക്കാരിന് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്.

മോദി സർക്കാരിന് ഇതുവരെ ഏറ്റതിൽ വെച്ച് ഏറ്റവും വലിയ തിരിച്ചടിയാണിതെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. പാർലമെൻറിൻറെ ഘടന മാറ്റാനുള്ള ജനാധിപത്യ വിരുദ്ധ നീക്കമാണ് പരാജയപ്പെട്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭൂരിപക്ഷം ഇല്ലെന്നറിഞ്ഞിട്ടും ബില്ല് കൊണ്ടുവന്നത് വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകൾ ലക്ഷ്യം വെച്ചുള്ള ഗിമ്മിക്കാണെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി ആരോപിച്ചു. നരേന്ദ്ര മോദി അമിത് ഷാ യുഗത്തിൻറെ അന്ത്യത്തിന് തുടക്കമായെന്ന് തൃണമൂൽ കോൺഗ്രസ് എംപി ഡെറക് ഒബ്രിയാൻ പരിഹസിച്ചു. സർക്കാരിൻറെ ഏകപക്ഷീയമായ തീരുമാനങ്ങൾ ഇനി നടപ്പില്ലെന്ന സന്ദേശമാണ് ഇതിലൂടെ ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ബിൽ പരാജയപ്പെട്ടതിന് പിന്നാലെ ബിജെപി എംപിമാർ പാർലമെൻറിന് പുറത്ത് പ്രതിഷേധം സംഘടിപ്പിച്ചു. പ്രതിപക്ഷം വനിതാ വിരോധികളാണെന്നും സ്ത്രീകൾക്ക് അർഹമായ നീതി ലഭിക്കുന്നത് അവർ തടഞ്ഞുവെന്നും ബിജെപി കുറ്റപ്പെടുത്തി.

12 വർഷത്തിനിടയിൽ ആദ്യമായാണ് പാർലമെൻറിൽ സർക്കാരിൻറെ ഒരു സുപ്രധാന ബില്ല് പരാജയപ്പെടുന്നത്. വോട്ടെടുപ്പിൽ 298 പേർ അനുകൂലിച്ചെങ്കിലും ഭരണഘടനാ ഭേദഗതിക്ക് ആവശ്യമായ മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടാൻ ഭരണപക്ഷത്തിന് സാധിച്ചില്ല (230 പേർ എതിർത്തു). വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഈ വിഷയം ഇരുപക്ഷവും പ്രധാന ആയുധമാക്കുമെന്നുറപ്പാണ്.



# വാൽപ്പാറയിൽ മിനിവാൻ മറിഞ്ഞ് 9 മലയാളികൾ മരിച്ചു

പൊള്ളാച്ചി: വാൽപ്പാറയിൽ മിനിവാൻ താഴ്ചയിലേയ്ക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ 9 പേർ മരിച്ചു. മരിച്ചവരെല്ലാം മലയാളികളാണ്. 13 പേരാണ് വാഹനത്തിലുണ്ടായിരുന്നത്. പരുക്കേറ്റവരിൽ ചിലരുടെ നില ഗുരുതരമാണ്.

ഏഴ് സ്ത്രീകൾക്കും 2 കുട്ടികൾക്കുമാണ് ജീവൻ നഷ്ടമായതെന്നും വ്യക്തമായിട്ടുണ്ട്. മലപ്പുറത്തുനിന്ന് വിനോദയാത്രയ്ക്കെത്തിയ അധ്യാപക സംഘമാണ് അപകടത്തിൽപ്പെട്ടത്. മലപ്പുറം പാംഗ് ചേണ്ടി പാറമ്മൽ എൽപി സ്കൂളിലെ അധ്യാപകരും ജീവനക്കാരും ചിലരുടെ കുടംബാംഗങ്ങളുമാണ് വാഹനത്തിലുണ്ടായിരുന്നത്.

അവധിക്കാലത്ത് അധ്യാപകർ ഒന്നിച്ചുള്ള വിനോദയാത്രയാണ് ദുരന്തത്തിൽ കലാശിച്ചത്. വളവിൽ തെന്നിമാറി നിയന്ത്രണം വിട്ട വാൻ സംരക്ഷണ ഭിത്തി തകർത്ത് 300 അടി താഴ്ചയിലേക്ക് മറിയുകയായിരുന്നു. K-L 11 A-M 7288 വാഹനമാണ് അപകടത്തിൽപ്പെട്ടത്. മലപ്പുറം സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ട്രാവലറാണ് ഇത്.

വാഹനം ഓടിച്ചത് 21 കാരനായ കോട്ടക്കൽ, ചുനൂർ സ്വദേശിയായി മുഹമ്മദ് ഫാസിത്തായിരുന്നു. ഡ്രൈവറടക്കം നാല് പേർ ചികിത്സയിലാണ്. അതിരപ്പള്ളി വാഴച്ചാൽ മലക്കപ്പാറ സന്ദർശനത്തിന് ശേഷമാണ് സംഘം വാൽപ്പാറയിൽ എത്തിയത്.

തൃശൂർ ഭാഗത്തുനിന്നു വന്ന ട്രാവലറാണ് ആണ് അപകടത്തിൽപ്പെട്ടത്. മലപ്പുറം പാങ്ങ് പള്ളിപ്പറമ്പ് ജിഎൽപി സ്കൂളിൽ നിന്നുള്ള അധ്യാപകരും കുടുംബാംഗങ്ങളുമാണ് വാഹനത്തിൽ ഉണ്ടായിരുന്നത്.

അപകടത്തിൽപ്പെട്ടത് കോഴിക്കോട്, മലപ്പുറം സ്വദേശികളെന്നാണ് സൂചന. വാൽപാറയിലേക്കുള്ള ഒമ്പതാം ഹെയർപിൻ വളവിലാണ് അപകടമുണ്ടായത്. അപകടസ്ഥലത്ത് അഗ്നിരക്ഷാസേന രക്ഷാപ്രവർത്തനം നടത്തി. വാഹനം പൂർണമായി തകർന്നു. പതിമൂന്നാം ഹെയർപിൻ വളവിൽ നിന്ന് വാഹനം ഒൻപതാം വളവിലേക്ക് പതിച്ചെന്നാണ് ലഭിക്കുന്ന വിവരം. തമിഴ്നാട് പോലീസും സംഭവസ്ഥലത്തെത്തി. ഡ്രൈവർക്ക് വാനിൻറെ നിയന്ത്രണം നഷ്ടപ്പെട്ട് സംരക്ഷണ ഭിത്തിയിൽ ഇടിച്ച് വനമേഖലയിലെ 800 അടി താഴ്ചയുള്ള കൊക്കയിലേക്ക് മറിയുകയായിരുന്നു.

## രാഹുൽ ഗാന്ധിക്ക് ഇരട്ട പൗരത്വമെന്ന ആരോപണം; അന്വേഷണം വേണമെന്ന് അലഹബാദ് ഹൈക്കോടതി

ലക്നോ: രാഹുൽ ഗാന്ധിക്ക് ഇരട്ട പൗരത്വമുണ്ടെന്ന ആരോപണത്തിൽ അന്വേഷണം വേണമെന്ന് അലഹബാദ് ഹൈക്കോടതിയുടെ ലക്നോ ബെഞ്ച്. ഉത്തർപ്രദേശ് സർക്കാർ നേരിട്ടോ കേന്ദ്ര ഏജൻസിയെക്കൊണ്ടോ വിഷയത്തിൽ അന്വേഷണം നടത്തണമെന്നാണ് കോടതി ഉത്തരവ്. ബിജെപി പ്രവർത്തകനായ എസ്. വിസ്നേഷ് ശിശിർ നൽകിയ ഹർജി പരിഗണിച്ചാണ് ഹൈക്കോടതിയുടെ തീരുമാനം. രാഹുൽ ഗാന്ധിക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന വിസ്നേഷിൻറെ ആവശ്യം ജനുവരി 28ന് ലക്നോവിലെ ജനപ്രതിനിധികളുടെ പ്രത്യേക കോടതി തള്ളിയിരുന്നു.

## കെഎസ്ഇബി കരാർ ജീവനക്കാരൻ മരിച്ച സംഭവം; കേസെടുത്ത് പോലീസ്

തിരുവനന്തപുരം: പാറശാലയിൽ കെഎസ്ഇബി കരാർ ജീവനക്കാരൻ ജോലിക്കിടെ കുഴഞ്ഞുവീണു മരിച്ച സംഭവത്തിൽ കേസെടുത്ത് പോലീസ്. അസ്വാഭാവിക മരണത്തിനാണ് പാറശാല പോലീസ് കേസെടുത്തിരിക്കുന്നത്.

കുഴഞ്ഞുവീണ ഉടൻ സന്തോഷിനെ പാറശാല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും സമയബന്ധിതമായി ചികിത്സ നൽകിയില്ല എന്ന് ബന്ധുക്കളും സഹപ്രവർത്തകരും ആരോപിച്ചിരുന്നു. സന്തോഷിൻറെ പോസ്റ്റ്മോർട്ടം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ നടക്കും.

## സംസ്ഥാനത്ത് കനത്ത ചൂട്; ആരോഗ്യവകുപ്പിൻെറ ജാഗ്രതാ നിർദേശം, ആശുപത്രികളിൽ ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ

തിരുവനന്തപുരം: സംസ്ഥാനത്ത് ഉഷ്ണതരംഗത്തിന് സമാനമായ സാഹചര്യവും കനത്ത ചൂടും തുടരുന്ന പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദേശവുമായി ആരോഗ്യവകുപ്പ്. ചൂട് മൂലമുണ്ടാകുന്ന അടിയന്തര ആരോഗ്യ പ്രശ്നങ്ങൾ നേരിടാൻ സംസ്ഥാനത്തെ എല്ലാ പ്രധാന ആശുപത്രികളിലും 'ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ' ആരംഭിച്ചു. പ്രത്യേക ഹീറ്റ് ഹെൽത്ത് ആക്ഷൻ പ്ലാൻ പ്രകാരമാണ് ഇവ പ്രവർത്തിക്കുന്നത്. ഈ ക്ലിനിക്കുകളിൽ കൂളിംഗ് ഉപകരണങ്ങൾ, ആവശ്യമായ മരുന്നുകൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിൽ താപനില 40 ഡിഗ്രിക്ക് മുകളിൽ എത്തിയ സാഹചര്യത്തിലാണ് ആരോഗ്യവകുപ്പ് പ്രതിരോധ നടപടികൾ ശക്തമാക്കിയത്. സ്വയം പ്രതിരോധമാണ് ഈ സാഹചര്യത്തിൽ ഏറ്റവും പ്രധാനമെന്നും മന്ത്രി വ്യക്തമാക്കി. രാവിലെ 11 മണി മുതൽ വൈകുന്നേരം മൂന്ന് മണി വരെ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് പരമാവധി ഒഴിവാക്കണമെന്ന് ആരോഗ്യ മന്ത്രി അറിയിച്ചു.

അൾട്രാവയലറ്റ് രശ്മികളുടെ സാന്നിധ്യം ഈ സമയത്ത് കൂടുതലായതിനാൽ വെയിലത്ത് ജോലി ചെയ്യുന്നവർ ജോലി സമയം പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലുമായി ക്രമീകരിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ കടുത്ത വെയിൽ ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സൂര്യാഘാതം, സൂര്യാതപം എന്നിവ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എന്തെങ്കിലും അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യ വകുപ്പിൻറെ നിർദേശമുണ്ട്.

## മൊബൈൽ ഷോറൂമിലെ കവർച്ച: യുവാവ് അറസ്റ്റിൽ

കൊച്ചി: മൊബൈൽ ഷോറൂമിൽ നിന്ന് പണവും മൊബൈൽ ഫോണുകളും മോഷ്ടിച്ച കേസിൽ യുവാവ് അറസ്റ്റിൽ. എടത്തല എൻഎഡി തൈപറമ്പിൽ വീട്ടിൽ സാനു സേവ്യർ(34) ആണ് അറസ്റ്റിലായത്.

വാഴക്കുളം പോലീസ് ആണ് സാനുവിനെ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 10ന് രാത്രിയാണ് സംഭവമുണ്ടായത്.കടയുടെ മുൻ വശത്തുള്ള ഷട്ടറിൻറെ ലോക്ക് പൊളിച്ച് അകത്ത് അകത്തു കയറിയ ശേഷമായിരുന്നു മോഷണം.

കൗണ്ടർ ഡ്രോയിൽ സൂക്ഷിച്ചിരുന്ന രണ്ട് ലക്ഷം രൂപ, സർവീസിംഗിനായി കൊണ്ടുവന്ന 13 മൊബൈൽ ഫോണുകൾ, സിസിടിവി ഡിവിആർ, മൊബൈൽ ചാർജറുകൾ എന്നിവയാണ് മോഷണം പോയതായി പറയുന്നത്. ശാസ്ത്രീയ അന്വേഷണത്തിനൊടുവിലാണ് മോഷ്ടാവ് പിടിയിലാകുന്നത്.

## ഹോർമുസ് കടലിടുക്ക് വഴി ഇനി ചരക്കുനീക്കം സുഗമം; പ്രഖ്യാപനവുമായി ഇറാൻ വിദേശകാര്യ മന്ത്രി

ടെഹ്റാൻ: ലെബനനിൽ വെടിനിർത്തൽ പ്രാബല്യത്തിൽ വന്ന പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്കിലൂടെയുള്ള എല്ലാ വാണിജ്യ കപ്പലുകളുടെയും സഞ്ചാരം പുനഃസ്ഥാപിച്ചതായി ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചി പ്രഖ്യാപിച്ചു. ആഗോള വിപണികളെയും എണ്ണ വ്യാപാരത്തെയും സംബന്ധിച്ചിടത്തോളം നിർണായകമായ തീരുമാനമാണിത്.

ഇസ്രയേലും ലെബനനും തമ്മിലുള്ള പത്ത് ദിവസത്തെ വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതിന് പിന്നാലെയാണ് ഹോർമുസ് കടലിടുക്ക് വഴിയുള്ള പാത പൂർണമായും തുറന്നുകൊടുക്കാൻ ഇറാൻ തീരുമാനിച്ചത്. അമേരിക്കൻ ഉപരോധം നിലവിൽ വന്നതിന് ശേഷം ആദ്യമായി അഞ്ച് മില്യൺ ബാരൽ അസംസ്കൃത എണ്ണയുമായി മൂന്ന് ഇറേനിയൻ ടാങ്കറുകൾ ഹോർമുസ് കടലിടുക്ക് വഴി പുറപ്പെട്ടതായി കെപ്ലർ പോലുള്ള ഡാറ്റാ ഏജൻസികൾ സ്ഥിരീകരിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിൻറെ സുരക്ഷയും സ്വാതന്ത്ര്യവും ഉറപ്പാക്കാൻ ഇറാൻ പ്രതിജ്ഞാബദ്ധമാണെന്നും എന്നാൽ മേഖലയിൽ ഇസ്രയേലിൻറെയും അമേരിക്കയുടെയും നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുമെന്നും ഇറാൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി സയീദ് ഖത്തീബ്സാദെ പറഞ്ഞു. കപ്പൽ ഗതാഗതം പുനഃസ്ഥാപിച്ചതോടെ ലണ്ടനിലെ ഇൻഷുറൻസ് കമ്പനികൾ ഹോർമുസ് വഴി കടന്നുപോകുന്ന കപ്പലുകൾക്കായി 1 ബില്യൺ ഡോളറിൻറെ പ്രത്യേക യുദ്ധ ഇൻഷുറൻസ് കവറേജ് പ്രഖ്യാപിച്ചിട്ടുണ്ട്.



# കുതിപ്പിന് ബ്രേക്ക്; താഴെവീണ് സ്വർണവില, ഒറ്റയടിക്ക് കുറഞ്ഞത് 1000 രൂപ

കൊച്ചി: സംസ്ഥാനത്ത് മൂന്നുദിവസത്തെ കുതിപ്പിനു ശേഷം താഴെവീണ് സ്വർണവില. ഗ്രാമിന് 125 രൂപയും പവന് 1,000 രൂപയുമാണ് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 14,135 രൂപയിലും പവന് 1,13,080 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 100 രൂപ താഴ്ന്ന് 11,615 രൂപയിലെത്തി.

തിങ്കളാഴ്ച താഴേക്ക് പോയ സ്വർണവില യുഎസ് - ഇറാൻ സമാധാന ശ്രമങ്ങൾ പുനരാരംഭിച്ചെന്ന വാർത്തകൾക്ക് പിന്നാലെ തിരിച്ചുകയറിയിരുന്നു. ചൊവ്വാഴ്ച ഗ്രാമിന് 135 രൂപയും പവന് 1,080 രൂപയും വർധിച്ചിരുന്നു. വിഷുദിനമായ ബുധനാഴ്ച ഗ്രാമിന് 130 രൂപയും പവന് 1,040 രൂപയും വർധിച്ചു. പിന്നാലെ വ്യാഴാഴ്ച ഗ്രാമിന് 20 രൂപയും പവന് 160 രൂപയും വർധിച്ച് പവന് വീണ്ടും 1.14 ലക്ഷം രൂപയിലെത്തുകയായിരുന്നു.

വൻ ചാഞ്ചാട്ടം ദൃശ്യമായ മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിന് മുകളിലെത്തിയിരുന്നു.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്ന് ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരുലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര വില ഔൺസിന് 14 ഡോളർ ഉയർന്ന് 4,800 ഡോളറിലാണ് വ്യാപാരം പുരോഗമിക്കുന്നത്. ഇറാനും യുഎസും തമ്മിലെ സംഘർഷം അവസാനിക്കുന്നത് സംബന്ധിച്ച അനിശ്ചിതത്വങ്ങളെ തുടർന്ന് രാജ്യാന്തരവില താഴേക്ക് നീങ്ങിയതായിരുന്നു കേരളത്തിൽ വില കുറയാനിടയാക്കിയത്.

അതേസമയം, വെള്ളിയുടെ വിലയും താഴേക്കാണ്. ഒരു ഗ്രാം വെള്ളിക്ക് അഞ്ചു രൂപ താഴ്ന്ന് 265 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

100 വർഷത്തെ സ്വർണക്കുതിപ്പ്

കഴിഞ്ഞ 100 വർഷത്തിനിടയിൽ സ്വർണ വില പവന് 13.75 രൂപയിൽ നിന്ന് 1,13,520 രൂപയിലേക്കാണ് എത്തിനിൽക്കുന്നത്. 1925 മാർച്ച് 31ന് ഒരു പവൻ സ്വർണത്തിന് 13.75 രൂപയായിരുന്നു വിപണി വില. 1930 മാർച്ച് 31 ആയപ്പോഴേക്കും പവന് 13.57 രൂപയായി അത് കുറഞ്ഞു.

1935 മാർച്ച് 31 ന് സ്വർണവിലയിൽ വർധന രേഖപ്പെടുത്തി. ഇക്കാലയളവിൽ ഒരു പവൻ സ്വർണത്തിൻറെ വില 22.65 രൂപയായി ഉയർന്നു. പിന്നീടങ്ങോട്ട് സ്വർണവിലയിൽ വർധനയാണ് ഉണ്ടായത്.

1940 മാർച്ച് 31 ന് ഒരു പവൻ സ്വർണത്തിന് 26.77 രൂപയും 1945 മാർച്ച് 31 ന് 45.49 രൂപയും 1950 മാർച്ച് 31 ന് 72.75 രൂപയുമായി സ്വർണവില ഉയർന്നു. എന്നാൽ 1955 മാർച്ച് 31 ന് പവന് 58.11 രൂപയായി സ്വർണ വില കുറഞ്ഞു.

1960 മാർച്ച് 31 ന് പവന് 82.05 രൂപയായിരുന്നു സ്വർണവില. 1965 മാർച്ച് 31 ന് പവന് 90. 20 രൂപയും 1970 ൽ 135.30 രൂപയും 1975 മാർച്ച് 31 ന് 396 രൂപയുമായി സ്വർണ വില ഉയർന്നു. 1980 മാർച്ച് 31 ന് പവന് 975 രൂപയായി. 1985 ൽ പവന് 1,573 രൂപയും 1990 ൽ പവന് 2,493 രൂപയും 1995 ൽ 3,432 രൂപയുമായി സ്വർണവിലയിൽ മുന്നേറ്റം തുടർന്നു.

## മലപ്പുറത്ത് ഗ്യാസ് സിലിണ്ടറിന് തീപിടിച്ച് വീടിൻെറ അടുക്കളയടക്കം കത്തിനശിച്ചു

മലപ്പുറം: വിഷു ആഘോഷങ്ങൾക്കിടെ ഗ്യാസ് സിലിണ്ടറിന് തീപിടിച്ച് അടുക്കളയടക്കം കത്തിനശിച്ചു. ചെമ്മങ്കടവ് ചുങ്കപ്പള്ളി സ്വദേശി മനോജ് ബാബുവിൻറെ വീട്ടിലാണ് അപകടമുണ്ടായത്.

വിഷുവിന് രാവിലെ ഒമ്പതോടെ ഭാര്യ പായസം ഉണ്ടാക്കുന്നതിനിടെ പാചകവാതക സിലിണ്ടർ തുറന്നപ്പോൾ സ്റ്റൗവിൽ നിന്നും സിലിണ്ടറിലേക്ക് തീ ആളിപ്പടരുകയായിരുന്നു.

നിമിഷ നേരം കൊണ്ട് അടുക്കള മുഴുവൻ തീ ആളിപ്പടർന്നതോടെ വീട്ടിലുണ്ടായിരുന്നരെല്ലാം പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. ബഹളം കേട്ടെത്തിയ നാട്ടുകാർ വെള്ളമൊഴിച്ചും മറ്റും തീ അണക്കാൻ ശ്രമിച്ചു.

എന്നാൽ തീ അണയ്ക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. വിവരമറിഞ്ഞ് മലപ്പുറത്തുനിന്ന് അഗ്നിരക്ഷാ സേനാംഗങ്ങൾ സ്ഥലത്തെത്തി വെള്ളം പമ്പ് ചെയ്താണ് തീ പൂർണ്ണമായും അണച്ചത്. തുടർന്ന് അപകടാവസ്ഥയിലായ സിലിണ്ടർ സുരക്ഷിതമായി പുറത്തേക്ക് മാറ്റി. അടുക്കളയിൽ സൂക്ഷിച്ചിരുന്ന വിറകുകളും മിക്സി ഉൾപ്പെടെയുള്ള ഗൃഹോപകരണങ്ങളും സ്വിച്ച് ബോർഡും തീപിടിത്തത്തിൽ നശിച്ചു.

പാചകവാതക സിലിണ്ടറിൻറെ പഴകിയ പൈപ്പിലുണ്ടായ വിള്ളലിലൂടെ ഗ്യാസ് പുറത്തേക്ക് ചോർന്നതാണ് അപകടത്തിന് കാരണമായത്.

## കോതമംഗലത്ത് ജീർണിച്ച നിലയിൽ മൃതദേഹം കണ്ടെത്തി

കൊച്ചി: കോതമംഗലം കോട്ടപ്പടിക്ക് സമീപം പാടശേഖരത്തിൽ ജീർണിച്ച നിലയിൽ മൃതദേഹം കണ്ടെത്തി. രണ്ടാഴ്ചയിലേറെ പഴക്കമുള്ള മൃതദേഹമാണ് കണ്ടെത്തിയത്.

കോട്ടപ്പടി പഞ്ചായത്തിലെ പുത്തൻകുളം പാടശേഖരത്തിലാണ് മൃതദേഹം കണ്ടെത്തിയത്. രാവിലെ പാടത്ത് പുലരിയാൻ പോയവർ ദുർഗന്ധം വന്നതിന് തുടർന്ന് നടത്തിയ തിരച്ചിലിൽ മൃതദേഹം കാണുകയായിരുന്നു.

സമീപപ്രദേശമായ വേങ്ങൂരിൽ നിന്ന് രണ്ടാഴ്ച മുമ്പ് തെങ്ങ് കയറ്റ തൊഴിലാളിയായ യുവാവിനെ കാണാതായിരുന്നു. ഇയാളെ കേന്ദ്രീകരിച്ചാണ് പോലീസ് അന്വേഷണം നടക്കുന്നത്.

മൃതദേഹത്തിനു സമീപത്തുനിന്ന് വാക്കത്തിയും തേങ്ങകളും കണ്ടു. ഫോറൻസിക് സംഘം എത്തി പ്രാഥമിക പരിശോധനകൾ പൂർത്തിയാക്കി. പോസ്റ്റ്മോർട്ടത്തിനുശേഷം കൂടുതൽ വ്യക്തത വരും എന്നാണ് പോലീസിൻറെ നിഗമനം.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം: അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ (എറണാകുളം), പാലക്കാട്, പൊന്നാനി (മലപ്പുറം), കോഴിക്കോട്, കല്യാശ്ശേരി (കണ്ണൂർ) കേന്ദ്രങ്ങളിൽ ഏപ്രിൽ 27ന് ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് പരീക്ഷാ പരിശീലന ക്ലാസിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഓൺലൈൻ രജിസ്ട്രേഷനും, ഫീസ് അടയ്ക്കുന്നതിനുമുള്ള സൗകര്യം https://kscsa.org ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം (8281098864, 8281098863, 0471 2313065, 2311654, 8281098861), കൊല്ലം (8281098867), ആലുവ (8281098873), പൊന്നാനി (0494 2665489, 8281098868), പാലക്കാട് (0491 2576100, 8281098869), കോഴിക്കോട് (0495 2386400, 8281098870), കല്യാശ്ശേരി (8281098875).

## ഹാർദിക് പാണ്ഡ്യയുടെ ക്യാപ്റ്റൻസിക്ക് എതിരെ വിമർശനം

മുംബൈ: ഐപിഎൽ 2026 സീസണിൽ മുൻ ചാമ്പ്യന്മാരായ മുംബൈ ഇന്ത്യൻസിന്റെ തകർച്ച തുടരുന്നു. കഴിഞ്ഞ ദിവസം സ്വന്തം മൈതാനമായ വാംഖഡെ സ്റ്റേഡിയത്തിൽ പഞ്ചാബ് കിങ്സിനോട് ഏറ്റ പരാജയത്തോടെ ടീം പോയിന്റ് പട്ടികയിൽ ഒമ്പതാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. സീസണിൽ കളിച്ച അഞ്ച് മത്സരങ്ങളിൽ നാലിലും തോറ്റ മുംബൈയ്ക്ക് ഇനി വരുന്ന മത്സരങ്ങൾ ജീവൻമരണ പോരാട്ടമായും മാറി.

ആദ്യം ബാറ്റ് ചെയ്ത മുംബൈ ക്വിന്റൺ ഡി കോക്കിന്റെ തകർപ്പൻ സെഞ്ചുറിയുടെയും നമൻ ധീറിന്റെ അർധ സെഞ്ചുറിയുടെയും കരുത്തിൽ 195 റൺസെന്ന ഭേദപ്പെട്ട സ്കോർ ഉയർത്തിയിരുന്നു. എന്നാൽ പഞ്ചാബ് ബാറ്റിങ് നിരയ്ക്ക് മുന്നിൽ മുംബൈ ബൗളർമാർ നിഷ്പ്രഭരായി. വെറും 16.3 ഓവറിൽ ഏഴ് വിക്കറ്റ് ബാക്കിനിൽക്കെ പഞ്ചാബ് ലക്ഷ്യം കണ്ടു. മുംബൈയുടെ പ്രധാന ആയുധമായ ജസ്പ്രീത് ബുംറ വിക്കറ്റൊന്നും നേടാതെ 41 റൺസ് വഴങ്ങിയത് ആരാധകരെ നിരാശരാക്കി. ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ പന്തുകൊണ്ടും ബാറ്റുകൊണ്ടും പരാജയപ്പെട്ടതും തിരിച്ചടിയായി.

ഹാർദിക് പാണ്ഡ്യയുടെ നേതൃത്വത്തെ രൂക്ഷമായ ഭാഷയിലാണ് മുൻ ഇന്ത്യൻ താരം മനോജ് തിവാരി വിമർശിച്ചത്.

ടീമിന്റെ തകർച്ചയ്ക്ക് കാരണം ഹാർദിക്കിന്റെ തെറ്റായ തീരുമാനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. ക്യാപ്റ്റൻ സ്ഥാനം രോഹിത് ശർമ്മയ്ക്ക് തന്നെ തിരിച്ചുനൽകണമെന്നും ഹാർദിക് പാണ്ഡ്യക്ക് ടീമിനെ ശരിയായ രീതിയിൽ നയിക്കാൻ കഴിയുന്നില്ലെന്നും തിവാരി തുറന്നടിച്ചു. മികച്ച ഫോമിലുള്ള ഷെർഫാൻ റുഥർഫോർഡിനെ വൈകി ഇറക്കിയതും ബൗളിങ് ഓപ്പൺ ചെയ്യാൻ ഫോമിലല്ലാത്ത ദീപക് ചാഹറിനെ നിയോഗിച്ചതും വലിയ തന്ത്രപരമായ പിഴവുകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

മത്സരത്തിനിടയിൽ ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയും പേസർ ജസ്പ്രീത് ബുംറയും തമ്മിൽ അഭിപ്രായ വ്യത്യാസം മറനീക്കി പുറത്തുവന്നിരുന്നു. ഫീൽഡ് സെറ്റ് ചെയ്യുന്നതിനെ ചൊല്ലി ഹാർദിക് നൽകിയ നിർദേശങ്ങളിൽ ബുംറ പരസ്യമായി അതൃപ്തി പ്രകടിപ്പിക്കുന്ന വീഡിയോകൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

ലോകോത്തര ബോളറായ ബുംറയെ അടക്കം കൃത്യമായി ഉപയോഗിക്കാൻ ഹാർദ്ദിക്കിനാകുന്നില്ലെന്ന പരാതി ആരാധകർക്കിടയിലുണ്ട്. പരിചയസമ്പന്നനായ ബുംറയെ പോലും ഫീൽഡ് സെറ്റ് ചെയ്യാൻ ഹാർദിക് അനുവദിക്കാത്തതിൽ ഡഗൗട്ടിൽ രോഹിത് ശർമ നീരസം പ്രകടിപ്പിക്കുന്നതും വീഡിയോ ദൃശ്യങ്ങളിലുണ്ട്.

അതേസമയം തോൽവിയുടെ ഉത്തരവാദിത്തം ഹാർദിക്കിന്റെ മേൽ മാത്രം കെട്ടിവെക്കേണ്ടതില്ലെന്നാണ് കോച്ച് മഹേള ജയവർധനെയുടെ നിലപാട്. ടീം ഒന്നടങ്കം പരാജയപ്പെട്ടതാണ് തോൽവിക്ക് കാരണമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ടി20 ലോകകപ്പിന് ശേഷമുള്ള താരങ്ങളുടെ ക്ഷീണമാണ് മുംബൈയെ തളർത്തുന്നതെന്ന് രവിചന്ദ്രൻ അശ്വിൻ തന്റെ യൂട്യൂബ് ചാനലിലൂടെ അഭിപ്രായപ്പെട്ടു.

പ്ലേ ഓഫ് സാധ്യതകൾ നിലനിർത്താൻ മുംബൈയ്ക്ക് ഇനി ഒരൊറ്റ പിഴവ് പോലും താങ്ങാനാവില്ല. 20 ന് ഗുജറാത്ത് ടൈറ്റൻസിനെതിരെയാണ് മുംബൈയുടെ അടുത്ത മത്സരം. ഈ മത്സരത്തിലും പരാജയപ്പെട്ടാൽ മുംബൈയുടെ പ്ലേ ഓഫ് സാധ്യതകൾ ഏതാണ്ട് അവസാനിക്കും.

## മദ്യപിച്ച് അപകടകരമായി വാഹനമോടിച്ചത് ചോദ്യം ചെയ്തു, പിതാവിനും മകനും മർദനം

കോട്ടയം: മദ്യപിച്ച് അപകടകരമായി വാഹനം ഓടിച്ചത് ചോദ്യം ചെയ്ത പിതാവിനും മകനും മർദനം. കോട്ടയം പൂഞ്ഞാർ തെക്കേക്കര കല്ലേക്കുളത്ത് വിഷു ദിനത്തിലാണ് സംഭവം.

പൂഞ്ഞാർ സ്വദേശി സജി, പിതാവ് തങ്കൻ എന്നിവരാണ് മർദനത്തിനിരയായത്. ഇരുവരെയും മർദിച്ച തീക്കോയി സ്വദേശികളായ അഭിഷേക്, അബിൻ എന്നിവരെ പോലീസ് പിടികൂടി. മറ്റ് മൂന്ന് പേർക്കെതിരെ കൂടി ഈരാറ്റുപേട്ട പോലീസ് കേസെടുത്തിട്ടുണ്ട്.

## റോഡ് മുറിച്ചുകടക്കുന്നതിനിടെ കാറിടിച്ച് യുവാവ് മരിച്ചു

കോഴിക്കോട്: റോഡ് മുറിച്ചുകടക്കുന്നതിനിടെ കാറിടിച്ച് യുവാവ് മരിച്ചു. ബാലുശേരി കരുമലയിലാണ് സംഭവം. എകരൂൽ വാകേരി കല്ലാച്ചികണ്ടി അഭിലാഷ്(38) ആണ് മരിച്ചത്. കരുമല ഉപ്പുംപെട്ടിയിലെ അമ്മയുടെ വീട്ടിൽ പോയി മടങ്ങുന്നതിനിടെയാണ് അപകടം സംഭവിച്ചത്. റോഡ് മുറിച്ചുകടക്കുകയായിരുന്ന അഭിലാഷിനെ നിയന്ത്രണം വിട്ടു വന്ന കാർ ഇടിക്കുകയായിരുന്നു. നാട്ടുകാർ ഉടൻ തന്നെ ബാലുശേരി താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കോഴിക്കോട് മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകും. പിതാവ്: പരേതനായ ശേഖരൻ നായർ(വിമുക്തഭടൻ). മാതാവ്: രമണി. സഹോദരൻ: സുരേഷ് (ഇന്ത്യൻ ആർമി).

## അവധിക്കാല കോഴ്സുകളിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം ഗവ. വിമൻസ് കോളജ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സബ് സെന്ററിന്റെ കീഴിൽ വനിതകൾക്കും വിദ്യാർഥികൾക്കും അവധിക്കാലം ഫലപ്രദമായി ഉപയോഗിക്കാൻ വിവിധ തരത്തിലുള്ള പെയിന്റിംഗ് കോഴ്സുകൾ, (പെൻസിൽ ഡ്രോയിങ്/ അക്രിലിക്ക്/ ഓയിൽ), സ്ക്രീൻ പ്രിന്റിംഗ്, ജ്യുവലറി മേക്കിങ്, ബ്ലോക്ക് പ്രിന്റിങ്, ക്രാഫ്റ്റ് കോഴ്സുകൾ, ക്രോഷ്യ, തയ്യൽ, സാരി വർക്കുകൾ (അരി വർക്ക്, മെഷീൻ/ ഹാന്റ് എംബ്ലോയിഡറി), വയർ ബാഗ് മേക്കിങ്, സോഫ്റ്റ് ടോയ് മേക്കിങ്, ബ്യൂട്ടിഷൻ, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ മുന്നൂറിലധികം ഹ്രസ്വകാല കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. മൂന്ന് വയസ് മുതലുള്ള കുട്ടികൾക്ക് ക്ലാസുകളിൽ പങ്കെടുക്കാം.

12 വയസുവരെയുള്ള ആൺകുട്ടികൾക്കും പ്രവേശനം ലഭിക്കും. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെയാണ് ക്ലാസുകൾ നടക്കുന്നത്.

അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെന്ററുമായി ബന്ധപ്പെടണം. ഫോൺ: 9846040912, 9947715697.

## ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

ഐഎച്ച്ആർഡിയുടെ സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി പഠനം നാലാം സെമസ്റ്റർ പൂർത്തിയാക്കിയവർക്ക് 20 ദിവസത്തെ ഇന്റേൺഷിപ്പാണ് നൽകുന്നത്.

താൽപര്യമുള്ളവർ സെന്ററിൽ നേരിട്ടോ www.skillcentre.ihrd.ac.in ലോ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2234374, 9495656333.

## കസ്റ്റഡിയിലെടുത്ത നേതാക്കളെ വിട്ടയക്കണം; സിപിഎം നേതാക്കൾ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു

നോയിഡ: സിഐടിയു നേതാക്കളെ അനധികൃതമായി കസ്റ്റഡിയിലെടുത്തതിൽ പ്രതിഷേധിച്ച് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബിയുടെ നേതൃത്വത്തിൽ നോയിഡയിൽ കുത്തിയിരിപ്പ് സമരം. കളക്ടറുടെ വസതിക്ക് മുന്നിൽ റോഡിൽ കുത്തിയിരുന്നാണ് പ്രതിഷേധം.

കളക്ടറെ കാണാനെത്തിയ സിഐടിയു സംഘത്തെ പോലീസ് അധികൃതമായി കസ്റ്റഡിയിലെടുത്ത് എന്നാരോപിച്ചാണ് നേതാക്കൾ പ്രതിഷേധം സംഘടിപ്പിച്ചത്.

സിഐടിയു നേതാക്കളെ വിട്ടയക്കാതെ പ്രതിഷേധത്തിൽ നിന്ന് പിന്മാറില്ലെന്നാണ് എം. എ. ബേബി പറഞ്ഞു.

സിപിഎം പോളിറ്റ് ബ്യൂറോ അംഗങ്ങളായ അമ്രാറാം, ആർ. അരുൺ കുമാർ, എ. എ. റഹീം എംപി, വി. ശിവദാസൻ എംപി എന്നിവരടങ്ങുന്ന സംഘത്തെ നോയിഡ അതിർത്തിയിൽ വെച്ച് പോലീസ് തടഞ്ഞത് മുതൽ സംഘർഷാവസ്ഥ നിലനിന്നിരുന്നു.

## അപേക്ഷ ക്ഷണിച്ചു

തമിഴ് നാട്ടിലെ പാളയം കോട്ടയിലുള്ള സർക്കാർ സിദ്ധ കോളേജിലെ എം.ഡി. (സിദ്ധ) കോഴ്സിലേയ്ക്കും, ഹൈദ്രാബാദിലെ സർക്കാർ നിസാമിയ ടിബ്ബി കോളേജ്, ബാംഗ്ലൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യുനാനി മെഡിസിൻ എന്നീ കോളേജുകളിലെ എം.ഡി. (യുനാനി) കോഴ്സിലേക്കും നിലവിൽ പി.ജി. കോഴ്സുകൾ ഇല്ലാത്ത സംസ്ഥാനങ്ങൾക്കായി കേന്ദ്ര സർക്കാർ സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിലേക്ക് 2026-27 അദ്ധ്യയന വർഷം അപേക്ഷ ക്ഷണിച്ചു.

ആയുഷ് മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, മറ്റു രേഖകൾ ഉൾപ്പെടെയുള്ള അപേക്ഷ ഇ-മെയിൽ (director.ame@kerala.gov.in) വഴിയോ/ നേരിട്ടോ, തപാൽ മുഖേനയോ ഏപ്രിൽ 24 വൈകിട്ട് 4നകം ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം.

വിശദവിവരങ്ങൾക്ക്: www.ayurvedacollege.ac.in, www.gack.kerala.gov.in, www.gactvm.kerala.gov.in, 04712339307.

## കൊടുംചൂടിൽ തെല്ലാശ്വാസം; സംസ്ഥാനത്ത് ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് കൊടുംചൂടിൽ ആശ്വാസമായി മഴയെത്തുന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

വരുംമണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ അടുത്ത അഞ്ചു ദിവസത്തേക്കുള്ള മഴ സാധ്യതാ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## സീറ്റിനടിയിൽ സ്വർണമാല; യാത്രക്കാരിക്ക് തിരിച്ചുനൽകി കെഎസ്ആർടിസി കണ്ടക്ടർ

ആലുവ: ബസിൽനിന്ന് കളഞ്ഞുകിട്ടിയ സ്വർണമാല ഉടമയ്ക്ക് തിരിച്ചുനൽകി ആലുവയിലെ കെഎസ്ആർടിസി കണ്ടക്ടർ. ആലുവ പറവൂർ സർവീസ് ബസിലെ കണ്ടക്ടർ കൊട്ടാരക്കര സ്വദേശി അജികുമാറിനാണ് മാല സീറ്റിനടിയിൽ നിന്ന് പറവൂർ എത്താറായപ്പോൾ കിട്ടിയത്.

ആലുവ - പറവൂർകവല മണപ്പുറം റോഡിൽ അർച്ചനാസ് ബ്യൂട്ടി പാർലർ ജീവനക്കാരി കൂത്താട്ടുകുളം പെരുമ്പിള്ളിക്കുന്നേൽ കൃഷ്ണേന്ദു ഷാജിയുടെ ആറ് ഗ്രാമിൻറെ മാലയാണ് ബസിൽ നഷ്ടമായത്. മാല നഷ്ടപ്പെട്ടു എന്ന പരാതിയുമായി കൃഷ്ണേന്ദു ഡിപ്പോയിലെത്തി.

യാത്രചെയ്ത ടിക്കറ്റും ഹാജരാക്കിയപ്പോഴാണ് കണ്ടക്ടർ അജികുമാർ ഉടമ കൃഷ്ണന്ദുവിന് കൈമാറിയത്. ആലുവയിൽ വച്ച് തന്നെ ഊരിപ്പോയ മാല പറവൂരിൽ ബസ് എത്തുന്നത് വരെ ആരുടേയും ശ്രദ്ധയിൽ പെടാതിരുന്നതാണ് ഭാഗ്യമായത്.

## വനിതാ സംവരണം നടപ്പാക്കുകയാണ് സർക്കാർ ലക്ഷ്യം: അമിത് ഷാ

ന്യൂഡൽഹി: 2029 മുതൽ വനിതാ സംവരണം നടപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വനിതാ സംവരണ ബില്ലിലും മണ്ഡല പുനർനിർണയ ബില്ലിലും പാർലമെൻറിൽ നടക്കുന്ന ചർച്ചകൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

ഇന്ത്യാ സഖ്യത്തിലെ ഓരോ എംപിമാരും വനിതാ സംവരണത്തെ എതിർക്കുകയാണ്. പ്രതിപക്ഷം എതിർക്കുന്നത് വനിതാ സംവരണത്തെയല്ല മറിച്ച് അത് നടപ്പിലാക്കുന്നതിനെയാണെന്നും അമിത് ഷാ പറഞ്ഞു. മണ്ഡല പുനർനിർണയത്തെ എതിർക്കുന്നവർ പട്ടികജാതി പട്ടികവർഗ സീറ്റുകൾ വർധിപ്പിക്കുന്നതിനേയും എതിർക്കുകയാണ്.

ലോക്സഭ സീറ്റുകൾ കൂടുമ്പോൾ സംവരണ സീറ്റുകൾ കൂടും. വനിതാ ശാക്തീകരണത്തിനും ഭരണഘടനാ പരിഷ്കരണത്തിനുമുള്ള സർക്കാരിൻറെയും നരേന്ദ്ര മോദിയുടെയും പ്രഥമ ലക്ഷ്യം ഇത് കൃത്യസമയത്ത് നടപ്പിലാക്കുക എന്നതാണ്.

2029ലെ തെരഞ്ഞെടുപ്പ് വനിതാ സംവരണത്തോടെ തന്നെ നടത്തണമെന്നും അമിത് ഷാ പറഞ്ഞു. മറുപടി ചർച്ച കഴിഞ്ഞാൽ വോട്ടെടുപ്പ് ഉണ്ടാകുമെന്നാണ് വിവരം. മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് ബില്ല് പാസാകാൻ വേണ്ടത്.

മറുപടി ചർച്ച കഴിഞ്ഞാൽ വോട്ടെടുപ്പ് ഉണ്ടാകുമെന്നാണ് വിവരം. മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് ബില്ല് പാസാകാൻ വേണ്ടത്. അതേസമയം വോട്ടെടുപ്പ് കഴിഞ്ഞ് ലോക്സഭ പിരിഞ്ഞതിനുശേഷം എൻഡിഎ എംപിമാരുടെ യോഗം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേരും.

## രോഹിത് ശർമ അടുത്ത മത്സരങ്ങളിലും കളിക്കില്ല

മുംബൈ: തുടർച്ചയായ തോൽവികൾക്കിടയിൽ മുംബൈ ഇന്ത്യൻസിന് മറ്റൊരു കനത്ത പ്രഹരം കൂടി. മുൻ നായകനും സീനിയർ ഓപ്പണറുമായ രോഹിത് ശർമയ്ക്ക് പരിക്കിനെത്തുടർന്ന് വരാനിരിക്കുന്ന ഏതാനും മത്സരങ്ങൾ കൂടി നഷ്ടമാകും. കഴിഞ്ഞ ദിവസം ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയാണ് ഈ വിവരം ഔദ്യോഗികമായി അറിയിച്ചത്.

റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ നടന്ന മത്സരത്തിനിടയിലാണ് രോഹിത്തിന് ഹാംസ്ട്രിംഗ് പരിക്ക് ബാധിച്ചത്. അന്ന് 13 പന്തിൽ 19 റൺസെടുത്തു നിൽക്കെ താരം അസ്വസ്ഥത പ്രകടിപ്പിക്കുകയും കളം വിടുകയും ചെയ്തിരുന്നു. പഞ്ചാബ് കിംഗ്സിനെതിരായ മത്സരത്തിന് മുമ്പ് അദ്ദേഹത്തെ വിശദമായ സ്കാനിംഗിന് വിധേയനാക്കിയിരുന്നു. താരം വേഗത്തിൽ സുഖം പ്രാപിക്കുമെന്ന് കരുതിയിരുന്നെങ്കിലും പൂർണ്ണ ആരോഗ്യവാനായി തിരിച്ചെത്താൻ ഏതാനും ദിവസത്തെ വിശ്രമം കൂടി ഡോക്ടർമാർ നിർദേശിച്ചതായി ഹാർദിക് വ്യക്തമാക്കി.

ടൂർണമെന്റ് നിർണ്ണായക ഘട്ടത്തിലേക്ക് കടക്കുമ്പോൾ രോഹിത്തിനെപ്പോലൊരു പരിചയസമ്പന്നനായ താരത്തിന്റെ അഭാവം ബാറ്റിങ് നിരയ്ക്ക് വലിയ വെല്ലുവിളിയാണ്.

# പവൻ ഖേരയ്ക്ക് തിരിച്ചടി; മുൻകൂർ ജാമ്യം നീട്ടണമെന്ന ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: ആസാം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയുടെ ഭാര്യയുമായി ബന്ധപ്പെട്ട ആരോപണങ്ങളിലെ കേസിൽ കോൺഗ്രസ് നേതാവ് പവൻ ഖേരയ്ക്ക് തിരിച്ചടി. ചൊവ്വാഴ്ച വരെ മുൻകൂർ ജാമ്യം നീട്ടിനൽകണമെന്ന ഖേരയുടെ ആവശ്യം സുപ്രീംകോടതി തള്ളി.

റിനികി ഭൂയാൻ ശർമ്മയ്ക്ക് ഒന്നിലധികം പാസ്പോർട്ടുകൾ ഉണ്ടെന്ന ആരോപണവുമായി ബന്ധപ്പെട്ട് ആസാമിൽ ഫയൽ ചെയ്ത എഫ്ഐആറിലാണ് ഈ നിയമനടപടികൾ നടക്കുന്നത്. ഖേരയ്ക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിംഗ്വി കോടതിയിൽ വൈകാരികമായ വാദങ്ങളാണ് ഉന്നയിച്ചത്.

ഒരു വേട്ടനായയെപ്പോലെയാണ് അവർ ഇദ്ദേഹത്തെ പിന്തുടരുന്നതെന്ന് മനു സിംഗ്വി കോടതിയെ അറിയിച്ചു. ഗുവാഹത്തിയിൽ ഇ-ഫയലിംഗ് സൗകര്യം ലഭ്യമല്ലാത്ത സാഹചര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. കൂടാതെ അദ്ദേഹം വല്ല കൊടും കുറ്റവാളിയോ ഭീകരവാദിയോ ആണോ എന്നും അഭിഭാഷകൻ കോടതിക്ക് മുന്നിൽ ചോദിച്ചു.

എന്നാൽ മുൻകൂർ ജാമ്യത്തിനായി ആസാമിലെ ബന്ധപ്പെട്ട കോടതിയെ തന്നെ സമീപിക്കാൻ നിർദ്ദേശിച്ചുകൊണ്ട് സുപ്രീംകോടതി ഈ ആവശ്യം തള്ളുകയായിരുന്നു.

ഖേര സമർപ്പിക്കുന്ന അപേക്ഷ അവിടുത്തെ കോടതി സ്വതന്ത്രമായി പരിഗണിക്കണമെന്നും രേഖകളുടെയും മെറിറ്റിൻറെയും അടിസ്ഥാനത്തിൽ വേണം തീരുമാനമെടുക്കാനെന്നും കോടതി വ്യക്തമാക്കി.

# ഫലം വരും മുമ്പുള്ള മുഖ്യമന്ത്രി ചർച്ചയിൽ തെറ്റില്ല; ഇത് തന്നെയാണ് കോൺഗ്രസിൻെറ രീതി: കെ. സുധാകരൻ

ന്യൂഡൽഹി: കോൺഗ്രസിലെ മുഖ്യമന്ത്രി ചർച്ചയെ കുറിച്ച് പ്രതികരിച്ച് മുൻ കെപിസിസി അധ്യക്ഷൻ കെ. സധാകരൻ. വരും മുമ്പുള്ള മുഖ്യമന്ത്രി ചർച്ചയിൽ തെറ്റില്ലെന്നും ഇത് തന്നെയാണ് കോൺഗ്ര, സിൻറെ രീതിയെന്നും സുധാകരൻ പറഞ്ഞു. കോൺഗ്രസിൽ അഭിപ്രായ സ്വാതന്ത്ര്യമുണ്ടെന്നും സുധാകരൻ വ്യക്തമാക്കി.

തീരുമാനമെടുക്കുന്നത് വരെ മുഖ്യമന്ത്രി ചർച്ചയാകാം. അത് സ്വാഭാവികമാണ്. രാഷ്ട്രീയത്തിൽ ഇത് പതിവാണ് ചർച്ചകൾ നടന്നാലെ തീരുമാനം ഉണ്ടാകൂ തീരുമാനം എടുക്കേണ്ടത് ഹൈക്കമാൻഡാണ്. കേരളത്തിൽ ഇതിന് മുൻപും തെരഞ്ഞെടുപ്പ് ഫലത്തിന് മുൻപ് ചർച്ചകൾ നടന്നിട്ടുണ്ട്.

ചർച്ചകൾക്ക് ഫലം ഉണ്ടാകും ഫലം വരും മുൻപുള്ള ചർച്ചകൾ പാർടിക്ക് ക്ഷീണം ആവില്ല. ചർച്ചചെയ്യുന്നത് പാർട്ടിയാണ് വ്യക്തികൾ അല്ല. ജനാധിപത്യ സംവിധാനത്തിൽ എല്ലാവർക്കും അഭിപ്രായമുണ്ടെന്നും സുധാകരൻ പറഞ്ഞു.

രാഘവൻ പറഞ്ഞത് സ്വന്തം അഭിപ്രായം ആണ്. ഓരോരുത്തർക്കും ഓരോ അഭിപ്രായം ഉണ്ടാകും. എല്ലാവർക്കും അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കോൺഗ്രസിൽ ഉണ്ട്.

സ്വീകരിക്കാവുന്നത് സ്വീകരിക്കാം അല്ലെങ്കിൽ വേണ്ടെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

# അരാഗ്ചിയെയും ഖാലിബാഫിനെയും വധശിക്ഷാ പട്ടികയിൽ നിന്ന് ഇസ്രയേൽ ഒഴിവാക്കിയത് പാകിസ്താൻെറ താത്പര്യ പ്രകാരമെന്ന് റിപ്പോർട്ട്

ടെഹ്റാൻ: പശ്ചിമേഷ്യൻ സംഘർഷങ്ങൾ ലഘൂകരിക്കാനുള്ള നയതന്ത്ര നീക്കങ്ങളുടെ ഭാഗമായി ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി, പാർലമെൻറ് സ്പീക്കർ മുഹമ്മദ് ബാഖർ ഖാലിബാഫ് എന്നിവരെ തങ്ങളുടെ വധശിക്ഷാ പട്ടികയിൽ നിന്ന് ഇസ്രയേൽ ഒഴിവാക്കിയത് പാകിസ്താൻറെ പ്രത്യേക അപേക്ഷ പരിഗണിച്ചെന്ന് റിപ്പോർട്ടുകൾ.

മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാൻ മധ്യസ്ഥത വഹിക്കുന്ന പാകിസ്താൻ, ചർച്ചകൾക്ക് നേതൃത്വം നൽകുന്ന ഇറേനിയൻ നേതാക്കളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ഇസ്രയേലിനോട് ഔദ്യോഗികമായി ആവശ്യപ്പെട്ടിരുന്നു. ഈ നയതന്ത്ര സമ്മർദ്ദത്തിന് ഒടുവിലാണ് ഇസ്രയേൽ വഴങ്ങിയതെന്നാണ് സൂചന. ഇറാൻറെ ആണവ പദ്ധതികളുമായി ബന്ധപ്പെട്ട് അമേരിക്കയുമായുള്ള 15 വർഷത്തെ സമാധാന കരാർ ഇറാൻ നിലവിൽ പരിശോധിച്ചു വരികയാണ്. ഈ ചർച്ചകൾ പുരോഗമിക്കണമെങ്കിൽ നേതാക്കൾക്കെതിരെയുള്ള ഭീഷണി ഒഴിവാക്കണമെന്ന് മധ്യസ്ഥർ ചൂണ്ടിക്കാട്ടിയിരുന്നു.

ഇറാൻറെ ഭാഗത്തുനിന്ന് ഹോർമുസ് കടലിടുക്ക് തുറന്നുകൊടുത്തതും അമേരിക്കയുമായുള്ള സംഘർഷം ലഘൂകരിക്കാൻ ഇറാൻ തയ്യാറായതും ഈ നീക്കത്തിന് പിന്നിലെ പ്രധാന കാരണങ്ങളായി വിലയിരുത്തപ്പെടുന്നു.

ഇറേനിയൻ നേതാക്കളെ ലക്ഷ്യം വെക്കുന്നതിൽ നിന്ന് ഇസ്രയേൽ പിന്മാറിയതോടെ, പശ്ചിമേഷ്യയിലെ സമാധാന ചർച്ചകൾക്ക് കൂടുതൽ വേഗത ലഭിക്കുമെന്നാണ് അന്താരാഷ്ട്ര നിരീക്ഷകർ കരുതുന്നത്.

# അലിയുന്ന ഈണം, തൊടുന്ന വരികൾ; ശ്രദ്ധേയം ഈ ദിവ്യകാരുണ്യഗീതം

മനാമ: ക്രൈസ്തവ ഭക്തിഗാന രംഗത്തു മറ്റൊരു ശ്രദ്ധേയ ഗാനവുമായി ബഹ്റിൻ മലയാളികൾ. കഴിഞ്ഞ ക്രിസ്മസ് കാലത്തു ബഹ്റിൻ അവാലി കത്തീഡ്രലിലെ മലയാളി ക്വയർ ടീം പുറത്തിറക്കിയ 'തൂമഞ്ഞു പെയ്യുന്ന സ്വർഗീയ രാത്രി' ഏറെ ശ്രദ്ധ നേടിയിരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച ചില സംഗീത പ്രവർത്തകരാണ് പുതിയ ഗാനവുമായി ക്രൈസ്തവ ഭക്തിഗാനരംഗത്ത് ബഹ്റിൻ മലയാളികളുടെ കൈയൊപ്പ് ചാർത്തിയിരിക്കുന്നത്.

ദിവ്യകാരുണ്യം ഹൃത്തിനാനന്ദം എന്ന ഗാനമാണ് ഇപ്പോൾ പള്ളികളിൽ മുഴങ്ങിത്തുടങ്ങിയിരിക്കുന്നത്. ബഹ്റിനിൽ ജോലി ചെയ്യുന്ന കോട്ടയം സ്വദേശി അജീഷ് ബോസ് ആണ് ഈ ഗാനത്തിൻറെ രചനയും സംഗീതവും ഒരുക്കി ആലപിച്ചിരിക്കുന്നത്. ശാന്തമായി ഒഴുകുന്നതുപോലെയുള്ള സംഗീതവും ആലാപന ശൈലിയും ഏറെപ്പേരെ ആകർഷിച്ചിട്ടുണ്ട്. മനസിൽ തൊടുന്ന കാവ്യഭംഗിയുള്ള വരികളാണ് മറ്റൊരു പ്രത്യേകത. അവാലി കത്തീഡ്രൽ ക്വയർ മെംബർ കൂടിയാണ് അജീഷ് ബോസ്. ഓഡിയോ വിഡിയോ പ്രൊഡക്ഷൻ ആൻറണി സണ്ണി നിർവഹിച്ചിരിക്കുന്നു. റിക്കാർഡിംഗ്: സിനി വേവ് സ്റ്റുഡിയോ ബഹ്റിൻ. അവതരണം: മ്യൂസിക് ഡ്രീമേഴ്സ്, ബഹ്റിൻ. സപ്പോർട്ട്: എസിഎംസി ക്വയർ, ബഹ്റിൻ.

# ഐപിഎൽ ടിക്കറ്റുകൾ കരിഞ്ചന്തയിൽ; ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിലെ കാൻറീൻ ജീവനക്കാരൻ അറസ്റ്റിൽ

ബംഗളൂരു: ഐപിഎൽ ടിക്കറ്റുകൾ അമിത വിലയ്ക്ക് വിറ്റ ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിലെ കാൻറീൻ ജീവനക്കാരൻ അറസ്റ്റിൽ. സ്റ്റേഡിയത്തിനുള്ളിലെ ശ്രീ ലക്ഷ്മി കാൻറീനിലെ ജീവനക്കാരൻ ചന്ദ്രശേഖർ ആണ് പിടിയിലായത്.

ബംഗളൂരു സെൻട്രൽ ക്രൈം ബ്രാഞ്ച് (സിസിബി) ഉദ്യോഗസ്ഥരാണ് ഇയാളെ പിടികൂടിയത്.

180 ലധികം ഐപിഎൽ ടിക്കറ്റുകൾ കരിഞ്ചന്തയിൽ 15,000 മുതൽ 19,000 രൂപ വരെ വിലയ്ക്ക് വിൽക്കുന്നതിനിടെയാണ് ഇയാൾ പിടിയിലായത്.

ഏപ്രിൽ 15 ന് നടന്ന റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും (ആർസിബി) ലക്നോ സൂപ്പർ ജയൻറ്സും (എൽഎസ്ജി) തമ്മിലുള്ള ഐപിഎൽ മത്സരത്തിൻറെ ടിക്കറ്റുകളാണ് ഇയാൾ വിറ്റത്. ഉദ്യോഗസ്ഥർക്ക് ലഭിച്ച രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിലാണ് പരിശോധന നടന്നത്.

പരിശോധനയിൽ, സ്റ്റേഡിയം പരിസരത്ത് ജോലി ചെയ്തിരുന്ന വ്യക്തികളെ പോലീസ് ചോദ്യം ചെയ്യുകയും ചന്ദ്രശേഖറിൽ അന്വേഷണം എത്തുകയുമായിരുന്നു.

# ഉദയകുമാർ ഉരുട്ടിക്കൊലക്കേസ്; അപ്പീലുമായി സിബിഐ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ഉദയകുമാർ ഉരുട്ടിക്കൊലക്കേസിൽ പ്രതികളായിരുന്ന പോലീസുകാരെ വെറുതെ വിട്ടതിനെതിരെ സിബിഐ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. നാലുപോലീസുകാരെ വെറുതെ വിട്ട ഉത്തരവ് റദ്ദാക്കണമെന്നാണ് സിബിഐയുടെ ആവശ്യം.

സിബിഐയുടെ അപ്പീലിൽ പ്രതികളായ പോലീസുകാർക്ക് സുപ്രീംകോടതി നോട്ടീസയച്ചു. കേസിലെ ഒന്നാം പ്രതിയായ കെ. ജിതകുമാർ, നാല് മുതൽ ആറ് വരെ പ്രതികളായ ടി. അജിത് കുമാർ, ഇ. കെ. സാബു, ടി. കെ. ഹരിദാസ് എന്നിവരെ വെറുതെ വിട്ട ഹൈക്കോടതി വിധിക്കെതിരെയാണ് സിബിഐ സുപ്രീംകോടതിയെ സമീപിച്ചത്. ഉദയകുമാറിൻറെ മരണത്തിന് കാരണമായത് ക്രൂരമായ കസ്റ്റഡി പീഡനമാണെന്ന് സിബിഐക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ സുപ്രീംകോടതിയിൽ വ്യക്തമാക്കി. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇരുമ്പു പൈപ്പ് ഉപയോഗിച്ച് ഉരുട്ടിയതടക്കം 22 ഗുരുതര പരിക്കുകൾ ഉദയകുമാറിൻറെ മൃതദേഹത്തിൽ ഉണ്ടായിരുന്നുവെന്നും സിബിഐയുടെ അപ്പീലിൽ പറയുന്നു.

2005 ലാണ് തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ വച്ച് പോലീസുകാരുടെ മർദനത്തെ തുടർന്ന് ഉദയകുമാർ മരിച്ചത്. മോഷണക്കുറ്റം ആരോപിച്ചാണ് ഉദയകുമാറിനെ പോലീസ് അറസ്റ്റ് ചെയ്തത്.

# പാക്കിസ്ഥാനിൽ ഗ്യാസ് പൈപ്പ്ലൈൻ പൊട്ടിത്തെറിച്ച് എട്ട് പേർ മരിച്ചു

ലാഹോർ: പാക്കിസ്ഥാനിൽ ഗ്യാസ് പൈപ്പ്ലൈൻ പൊട്ടിത്തെറിച്ച് എട്ട് പേർ മരിച്ചു. വടക്കുപടിഞ്ഞാറൻ പ്രവിശ്യയായ ഖൈബർ പഖ്തൂൺഖ്വയിലെ ഒരു വ്യവസായ എസ്റ്റേറ്റിലാണ് ഗ്യാസ് പൈപ്പ്ലൈൻ പൊട്ടിത്തെറിച്ചത്.

ഹരിപുർ ജില്ലയിലെ ഹത്തർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രദേശത്താണ് സംഭവം. പൈപ്പ്ലൈൻ പൊട്ടിത്തെറിച്ചതിനെ തുടർന്ന് സമീപത്തുള്ള വീടിന് തീപിടിച്ചത് രക്ഷാപ്രവർത്തനം പ്രതിസന്ധിയിലാക്കി. നിരവധി ആളുകൾക്ക് ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്. നാല് സ്ത്രീകളേയും ആറ് കുട്ടികളേയും രക്ഷപ്പെടുത്തിയതായി ജില്ലാ ഭരണകൂടം അറിയിച്ചു. എമർജൻസി വിഭാഗം രക്ഷാ പ്രവർത്തനവും തീനിയന്ത്രണത്തിലാക്കുവാനുള്ള ശ്രമവും ഊർജിതമാക്കിയിട്ടുണ്ട്. തീപിടിത്തത്തെ തുടർന്നുണ്ടായ ശ്വാസതടസം മൂലമാണ് മരണങ്ങൾ സംഭവിച്ചതെന്ന് ഹരിപുർ ഡെപ്യൂട്ടി കമ്മീഷണർ വസീം അഹമ്മദ് പറഞ്ഞു.

# തൊഴിലാളി പ്രക്ഷോഭം; നോയിഡയിലെത്തിയ സിപിഎം നേതാക്കളെ പോലീസ് തടഞ്ഞു

ന്യൂഡൽഹി: തൊഴിലാളി പ്രക്ഷോഭമുണ്ടായ നോയിഡയിലെത്തിയ സിപിഎം നേതാക്കളെ പോലീസ് തടഞ്ഞു. സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി, അമ്രാറാം, ആർ. അരുൺ കുമാർ, എ. എ. റഹീം, വി. ശിവദാസൻ തുടങ്ങിയവരെയാണ് യുപി പോലീസ് തടഞ്ഞത്. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് സംഘം റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. തുടർന്ന് പോലീസ് ഇവരെ ഗൗതം ബുദ്ധ് നഗറിലെ ക്യാമ്പിലെത്തിച്ചു. സമരത്തെത്തുടർന്ന് അറസ്റ്റിലായവരെയും അവരുടെ കുടുംബാംഗങ്ങളേയും സന്ദർശിക്കാനും ജില്ലാ കളക്ടറുമായി ചർച്ച നടത്താനുമാണ് സംഘം നോയിഡയിലെത്തിയത്.

ക്രമസമാധാനപ്രശ്നം കണക്കിലെടുത്താണ് സിപിഎം പ്രതിനിധി സംഘത്തെ തടഞ്ഞതെന്ന് പോലീസ് പറഞ്ഞു. പോലീസിൻറെ നീക്കത്തിൽ ദുരൂഹതയുണ്ടെന്ന് സിപിഎം നേതാക്കൾ വ്യക്തമാക്കി. കേന്ദ്ര സർക്കാരിൻറെ തൊഴിൽ കോഡുകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടിയാണ് തൊഴിലാളികൾ സമരം ആരംഭിച്ചത്.

# ഹരിവൻശ് നാരായൺസിംഗ് രാജ്യസഭാ ഉപാധ്യക്ഷൻ

ന്യൂഡൽഹി: ജെഡിയു നേതാവ് ഹരിവൻശ് നാരായൺ സിംഗിനെ രാജ്യസഭാ ഉപാധ്യക്ഷനായി തെരഞ്ഞെടുത്തു. മൂന്നാം തവണയാണ് ഹരിവൻശ് നാരായൺസിംഗ് തെരഞ്ഞെടുക്കപ്പെടുന്നത്. ഇദ്ദേഹത്തിൻറെ കാലാവധി കഴിഞ്ഞ ഒമ്പതിനു അവസാനിച്ചിരുന്നു. തുടർന്ന് രാഷ്ട്രപതി നേരിട്ട് അദ്ദേഹത്തെ വീണ്ടും രാജ്യസഭാംഗമായി നാമനിർദേശം ചെയ്യുകയായിരുന്നു. ബിഹാറിൽ നിന്നുള്ള ജെഡിയു നേതാവായ ഹരിവംശ് 2018 മുതൽ രാജ്യസഭാ ഉപാധ്യക്ഷനാണ്. രാജ്യസഭാ കാലാവധി പൂർത്തിയാക്കിയ ഹരിവംശിനെ നോമിനേറ്റഡ് അംഗമായാണ് സഭയിൽ തിരികെ കൊണ്ടു വന്നത്. രാജ്യസഭ നേതാവ് ജെ. പി. നദ്ദ, ബിജെപി അധ്യക്ഷൻ നിതിൻ നവീൻ, നിർമലാ സീതാരാമൻ തുടങ്ങിയ ഭരണപക്ഷ നേതാക്കൾ ഹരിവംശിനെ നിർദ്ദേശിച്ചുള്ള പ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷം സ്ഥാനാർഥിയെ നിറുത്തിയിരുന്നില്ല.

# പശ്ചിമ ബംഗാളിൽ ബിജെപിക്ക് അനുകൂലമായ സാഹചര്യമാണുള്ളത്: ദിലീപ് ഘോഷ്

കോൽക്കത്ത: നിയമസഭാ തെരഞ്ഞെടുപ്പിൽ പശ്ചിമ ബംഗാളിൽ ബിജെപിക്ക് അനുകൂലമായ തരംഗമാണ് ഉണ്ടാകാൻ പോകുന്നതെന്ന് ഖരഗ്പുർ സാദറിലെ എൻഡിഎ സ്ഥാനാർഥി ദിലീപ് ഘോഷ്. വൻ ഭൂരിപക്ഷത്തിലായിരിക്കും ബിജെപി അധികാരത്തിലെത്തുകയെന്നും ദിലീപ് ഘോഷ് അവകാശപ്പെട്ടു.

'സംസ്ഥാനത്ത് ബിജെപിക്ക് അനുകൂലമായ സാഹചര്യമാണുള്ളത്. ജനങ്ങൾ ഡബിൾ എൻജിൻ സർക്കാർ വരണമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് തന്നെ ബിജെപിയെ അവർ ഭരണത്തിലെത്തിക്കുമെന്നുറപ്പാണ്. '-ദിലീപ് ഘോഷ് കൂട്ടിചേർത്തു.

'ജനവിരുദ്ധ സർക്കാരാണ് സംസ്ഥാനത്ത് ഭരണത്തിലുള്ളത്. തൃണമൂലിൻറെ അഴിമതിക്കെതിരായ വിധിയെഴുത്താണ് ഉണ്ടാകാൻ പോകുന്നത്. 15 വർഷത്തെ ദുർഭരണം അവസാനിക്കാൻ നാളുകൾ മാത്രമാണ് ബാക്കിയുള്ളത്. '-ദിലീപ് ഘോഷ് പറഞ്ഞു.

# യുവേഫ ചാമ്പ്യൻസ് ലീഗ്; സെമി ചിത്രം തെളിഞ്ഞു

പാരീസ്: യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ സെമി ചിത്രം തെളിഞ്ഞു. നിലവിലെ ചാമ്പ്യൻമാരായ പിഎസ്ജി ബയേൺ മ്യൂണിക്കിനെയും അഴ്സണൽ അത്ലറ്റികോ മാഡ്രിഡിനെയും നേരിടും. ഇരുപാദ ക്വാർട്ടറിൽ പിഎസ്ജി ലിവർപൂളിനെയും (40) ബയേൺ റയൽ മാഡ്രിഡിനെയും (64) തകർത്തു. അത്ലറ്റികോ ബാഴ്സലോണയെ 3-2നും അഴ്സണൽ സ്പോർട്ടിംഗ് ലിസ്ബണെ ഒറ്റ ഗോളിനും മറികടന്നു. 28നും 29നുമാണ് ആദ്യപാദ സെമി. രണ്ടാംപാദം മേയ് അഞ്ചിനും ആറിനും നടക്കും. 30ന് ബുഡാപെസ്റ്റിലെ പുസ്കാസ് അരീനയിലാണ് ഫൈനൽ.

# രാഷ്ട്രീയ ലക്ഷ്യം നേടാൻ സ്ത്രീകളെ മറയാക്കുകയാണ്; ലോക്സഭയിൽ ആഞ്ഞടിച്ച് രാഹുൽ ഗാന്ധി

ന്യൂഡൽഹി: വനിതാ സംവരണബില്ല് ചർച്ചയിൽ കേന്ദ്രത്തെ കടന്നാക്രമിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. രാഷ്ട്രീയ ലക്ഷ്യം നേടാൻ സ്ത്രീകളെ മറയാക്കുകയാണ്. ഒബിസി വിഭാഗത്തിന് അവകാശം നിഷേധിക്കുകയെന്നത് സർക്കാരിൻറെ അജണ്ടയാണ്. ഈ ബില്ല് വനിതാ സംവരണ ബിൽ അല്ലെന്നും സത്യത്തിനായി പൊരുതാൻ മടിയില്ലെന്നും രാഹുൽ ഗാന്ധി പറഞ്ഞു. ഭരണഘടനയ്ക്കു മേൽ മനുവാദം അടിച്ചേൽപ്പിക്കാൻ ശ്രമം നടക്കുകയാണ്. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മാറ്റി വരയ്ക്കാനാണ് നോക്കുന്നത്.

ഒബിസി വിഭാഗത്തിന് അവകാശം നിഷേധിക്കുകയെന്നത് സർക്കാരിൻറെ അജണ്ടയാണ്. പ്രതിപക്ഷം ഒറ്റക്കെട്ടായി നിന്ന് പിന്നാക്ക ദളിത് വിഭാഗങ്ങളുടെ അവകാശം കവരുന്നതിനെ തടയുമെന്നും രാഹുൽ വ്യക്തമാക്കി.

അതിനിടെ മാജിക്കുകാരനും ബിസിനസുകാരനും തമ്മിലുള്ള ബന്ധം എല്ലാവർക്കും അറിയാമെന്ന് രാഹുൽ പറഞ്ഞതോടെ സ്പീക്കർ ഇടപെട്ടു. ഇരുട്ടിൽ മറഞ്ഞിരിക്കുന്ന ശക്തിക്ക് പ്രധാനമന്ത്രിയുടെ എല്ലാ രഹസ്യവും അറിയാം. ഈ രഹസ്യം ഈ ശക്തി ഉപയോഗിക്കുകയാണെന്നും രാഹുൽ പറഞ്ഞു. ഇതോടെ രാഹുലിനെതിരെ സ്പീക്കർ വിമർശനം ഉന്നയിച്ചു. പാർലമെൻറ് മര്യാദ പാലിക്കണമെന്ന് സ്പീക്കർ പറഞ്ഞതോടെ പ്രതിപക്ഷവും ഭരണപക്ഷവും ഏറ്റുമുട്ടി.

# കോളജ് വിദ്യാർഥിനിയെ ആക്രമിച്ച നാല് പേർ അറസ്റ്റിൽ; ഒരാൾ ഒളിവിൽ

ചെന്നൈ: തമിഴ്നാട്ടിലെ വല്ലൂരിൽ കോളജ് വിദ്യാർഥിനിയെ ആക്രമിച്ച നാല് പേരെ പോലീസ് അറസ്റ്റ് ചെയ്തു, ഒരാൾ ഒളിവിലാണ്. മുത്തമിഴ്സെൽവൻ (24), സിദ്ദിഖ് (19), ലോകേഷ് (22), ദില്ലി ബാബു എന്നിവരാണ് പിടിയിലായത്. രാത്രി 10 മണിക്ക് വീടിൻറെ ടെറസിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർഥിനിയെയാണ് അഞ്ച് പേർ ചേർന്ന് ആക്രമിച്ചത്.

മദ്യലഹരിയിൽ എത്തിയ സംഘം വീട്ടിൽ നിന്ന് മോഷണം നടത്തുന്നതിനിടെയാണ് ആക്രമണം ഉണ്ടായത്. വീടിൻറെ ടെറസിലെത്തിയ ഇവരെ കണ്ട പെൺകുട്ടി ബഹളം വയ്ക്കാൻ തുടങ്ങി. ഉടൻ തന്നെ മോഷ്ടാക്കൾ കൈവശമുള്ള ആയുധം ഉപയോഗിച്ച് പെൺകുട്ടിയെ കുത്തി പരിക്കേൽപ്പിക്കുകയും ഓടി രക്ഷപ്പെടുകയും ചെയ്തു.

ഇതിനിതെ ടെറസിൽ നിന്ന് ചാടി രക്ഷപ്പെടാൻ ശ്രമിച്ച ദില്ലി ബാബുവിനെ നാട്ടുകാർ ചേർന്ന് പിടികൂടി പോലീസിൽ ഏൽപ്പിച്ചു. പിന്നീട് പോലീസ് നടത്തിയ തിരച്ചിലിൽ മറ്റ് നാല് പേരെ കൂടി കണ്ടെത്തി അറസ്റ്റ് ചെയ്തു.

പരിക്കേറ്റ പെൺകുട്ടി ആശുപത്രിയിൽ ചികിത്സയിലാണ്. ഒളിവിൽ കഴിയുന്ന പ്രതിക്കായുള്ള തിരച്ചിൽ തുടർന്നുകൊണ്ടിരിക്കുകയാണ്.

# കഥക് ശിൽപശാല

കേരള സർക്കാർ സാംസ്കാരിക വകുപ്പ് സ്ഥാപനമായ ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ കഥക് നൃത്ത വിദഗ്ദ്ധർ പത്മശ്രീ നളിനി കമാലിനി ആസ്ഥാനയുടെ നേതൃത്വത്തിൽ ഏപ്രിൽ 19, 20 തീയതികളിൽ കഥക് ശിൽപശാലയും ഡെമോൺസ്ട്രേഷനും നടക്കും.

രജിസ്ട്രേഷൻ ഫീസ് 300 രൂപ. കൂടുതൽ വിവരങ്ങൾക്ക്: 0471 2364771, 9074228848.

# കാറും ബസും കൂട്ടിയിടിച്ച് ആറ് മരണം

ബംഗളൂരു: കർണാടകയിലെ യാദ്ഗിരിൽ കാറും സ്വകാര്യ ബസും കൂട്ടിയിച്ച് ആറ് പേർ മരിച്ചു, നിരവധി പേർക്ക് പരിക്കേറ്റു. കാറിലുണ്ടായിരുന്ന ആറ് പേരാണ് മരിച്ചത്. ദേവാപൂരിനടുത്താണ് അപകടമുണ്ടയാതെന്ന് പോലീസ് പറഞ്ഞു. യാദ്ഗിറിൽ നിന്ന് റായ്ച്ചൂരിലേക്ക് പോവുകയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. ബംഗളൂരുവിൽ നിന്ന് കലബുറഗിയിലേക്ക് പോവുകയായിരുന്ന സ്വകാര്യ ബസുമായി കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റവർ അടുത്തുള്ള ആശുപത്രിയിൽ ചികിത്സയിലാണ്. ഇടിയുടെ ആഘാതത്തിൽ രണ്ട് വാഹനങ്ങൾക്കും തീപിടിച്ചു. കാർ പൂർണമായും കത്തി നശിച്ചു. കാറിലുണ്ടായിരുന്ന ആറ് യാത്രക്കാരും സംഭവസ്ഥലത്ത് വച്ചു തന്നെ മരിച്ചു. അഗ്നിശമന സേന സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തീരദേശ മേഖലയിൽ കുടിവെള്ളക്ഷാമം: ജനം ദുരിതത്തിൽ

ഇരവിപുരം: തീരദേശ മേഖലയിൽ കുടിവെള്ള വിതരണം നിലച്ചിട്ട് രണ്ടാഴ്ച പിന്നിട്ടെങ്കിലും അധികൃതർ അറിഞ്ഞമട്ടില്ല. കുടിവെള്ളം കിട്ടാത്തതിനാൽ ദുരിതത്തിലായത് വാട്ടർ അഥോറിറ്റിയുടെ വെള്ളത്തെ ആശ്രയിച്ച് കഴിയുന്ന മുന്നൂറോളം കുടുംബങ്ങളാണ്.

കൊല്ലം ഇരവിപുരം തീരദേശ മേഖലയിലെ കുടുംബങ്ങൾക്കാണ് രണ്ടാഴ്ചയായി കുടിവെള്ളം ഇല്ലാത്തത്. ഇരവിപുരം തെക്കുംഭാഗം തീരദേശ മേഖലയിലെ മുന്നൂറോളം വരുന്ന കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്താണ് കുടിവെള്ളം മുടങ്ങിയിട്ടുള്ളത്. ഈ പ്രദേശത്തേക്ക് വരുന്ന പമ്പ് സെറ്റിന് തകരാറ് സംഭവിച്ചതുകൊണ്ടാണ് കുടിവെള്ളം മുടങ്ങിയതെന്നാണ് അധികൃതരുടെ വാദം.

എന്നാൽ, പമ്പ് സെറ്റിൻറെ തകരാറ് മന്ദഗതിയിലാണ് പരിഹരിക്കുന്നതെന്നാണ് നാട്ടുകാർ പറയുന്നത്. രണ്ടാഴ്ചക്കാലമായി കുടിവെള്ളം മുടങ്ങിയ സാഹചര്യത്തിൽ രണ്ടോ മൂന്നോ ദിവസം കൂടുമ്പോൾ ഗുഡ്സ് ഓട്ടോയിൽ ഇവിടത്തേക്ക് വെള്ളം എത്തിക്കുന്നുണ്ട്. എന്നാൽ, അതു വളരെ ചുരുക്കം കുടുംബങ്ങൾക്കു മാത്രമേ ലഭ്യമാകുന്നുള്ളൂ. പിന്നീട് വാഹനം വരണമെങ്കിൽ രണ്ടു ദിവസവും കാത്തിരിക്കണം.

അതിനാൽ കുടുംബങ്ങളെല്ലാം വലിയ വില കൊടുത്ത് കുടിവെള്ളം വാങ്ങേണ്ടതായ അവസ്ഥയിലാണ്. വോട്ടുതേടി എത്തിയവരോടും ജനപ്രതിനിധികളോടും നിരവധി തവണ ദുരിതം അറിയിച്ചിട്ടും ഉടനെ ശരിയാക്കിത്തരാം എന്ന മറുപടി മാത്രമാണ് ലഭിച്ചത്. എന്നാൽ, നാളിതുവരെയും ഇവടേക്കു കുടിവെള്ളം എത്തിയിട്ടില്ല.

ചാത്തന്നൂർ: വേനൽ കടുത്തതോടെ കനാലിൽ വെള്ളവുമില്ല, തോടുകളും നീരുറവകളും കിണറുകളും വറ്റിത്തുടങ്ങി. കുടിവെള്ളത്തിനായി ജനങ്ങൾനെട്ടോട്ടമോടുന്നു. ചൂട് കാലത്ത് കനാൽ ജലത്തെ ആശ്രയിക്കുന്ന ചാത്തന്നൂർ ചിറക്കര പഞ്ചായത്തുകളിലെ ജനങ്ങളാണ് കുടിവെള്ളത്തിനായി കേഴുന്നത്. മുൻവർഷങ്ങളിൽ കല്ലട ജലസേചന പദ്ധതിയുടെ കനാലിലൂടെ വെള്ളം എത്തിയതിനാൽ സമീപത്തുള്ള കിണറുകളിൽ ഉറവ ലഭിച്ചിരുന്നു.

സമീപത്തുള്ള കൃഷിക്കും ഇത് ആശ്വാസം നൽകിയിരുന്നു. കനാൽ തകർന്നതോടെ അത് നിലച്ചു. പുനർനിർമാണം നടത്തിയെങ്കിലും ഇതുവരെയും വെള്ളം വന്ന് തുടങ്ങിയിട്ടില്ല. മറ്റ് സ്ഥലങ്ങളിലെ അറ്റകുറ്റപ്പണിയുടെ പേരിലാണ് ഇപ്പോൾ വെള്ളം വരാത്തത്. കനാൽ ഇത് പഞ്ചായത്ത് അധികൃതർ വൃത്തിയാക്കിയിട്ടുമില്ല. കനാൽ വെള്ളമെത്തുന്നതും നോക്കി കാത്തിരിക്കുന്നതു കർഷകരും കുടിവെള്ളം പോലും കിട്ടാതെ വിഷമിക്കുന്ന നാട്ടുകാരുമാണ്.

കനാലിൻറെ കൈവഴി പല ഭാഗത്തുകൂടിയും പോകുന്നതിനാൽ വെള്ളം ഒഴുകിത്തുടങ്ങിയാൽ മിക്ക കിണറുകളിലും ഉറവ കിട്ടും. കനാൽ അടിയന്തരമായി വൃത്തിയാക്കി വെള്ളം തുറന്നുവിടണമെന്ന ആവശ്യമാണ് ശക്തമാകുന്നത്. ഇത്തിക്കരയാറ്റിൽ ജലനിരപ്പ് താഴ്ന്നതോടെ ഇത്തവണ ആറ്റുതീരത്തുപോലും കുടിവെള്ളക്ഷാമം രൂക്ഷമായി.

# എസ്ഐ അഭിജിത്തിനെ ആക്രമിച്ചവർ പിടിയിൽ

വെള്ളറട: വെള്ളറട ജംഗ്ഷനിൽ ക്ഷേത്ര ഉത്സവ ഘോഷയാത്രയ്ക്കിടെ നൃത്തം ചവിട്ടിയവരെ നിയന്ത്രിക്കുകയായിരുന്ന എസ്ഐ അഭിജിത്തിനെ ക്രൂരമായി ആക്രമിച്ച സിപിഎം വെള്ളറട എൽസി സെക്രട്ടറി പ്രദീപ്(54), സതീഷ്(51) അടങ്ങുന്ന സംഘത്തെ പിടികൂടി.

വെള്ളറട ചൂണ്ടിക്കൽ ക്ഷേത്ര ഘോഷയാത്രയ്ക്കിടെ വെള്ളറട ജംഗ്ഷനിൽ വച്ച് ഭീമൻ വാഹനത്തിൽ വലിയ ശബ്ദത്തിൽ റെക്കോർഡ് ഇട്ട് നൃത്തം ചവിട്ടുകയായിരുന്ന യുവാവ് മാർഗതടസം സ്രഷ്ടിച്ചതിനാൽ പിടിച്ചു മാറ്റാൻ ശ്രമിക്കുന്നതിനിടെ യാണ് എസ് ഐ അഭിജിത്തിനെ മൂന്നംഗ സംഘം ക്രൂരമായ് ആക്രമിച്ചത്. ഇവരിൽ ഒരാളെ നേരത്തെ പിടികൂടി റിമാൻഡ് ചെയ്തിരുന്നു.

ഒളിവിലാ യിരുന്നു രണ്ടംഗ സംഘത്തെ ഇന്നലെ സർക്കിൾ ഇൻസ്പെക്ടർ നിസാമുദ്ദീൻ, എസ്. ഐ. പ്രതീഷ്കുമാർ സിവിൽ പോലീസ് ഓഫീസർ ജസീംമിൻറെയും നേതൃത്വത്തിലുള്ള പോലീസ് സംഘം പിടികൂടി. എസ്ഐ അഭിജിത്തിനെ ആക്രമിച്ച ശേഷം പരിക്കേറ്റ എസ്. ഐയുമായി സർക്കിൾ ഇൻസ്പെക്ടർ പ്രസാദ് വെള്ളറട സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവിടെയെത്തിയ സിപിഎം അനുഭാവികൾ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ സമ്മതിച്ചില്ല.

തുടർന്ന് പാറശാല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഏറെ നാൾ ചികിത്സയിലായിരുന്നു. ചികിത്സ കഴിഞ്ഞ് വെള്ളറട പോലീസ് സ്റ്റേഷനിൽ ചുമതല യേറ്റശേക്ഷം അഭിജിത് ദിവസങ്ങൾക്കുള്ളിൽ തന്നെ ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥലം മാറിപ്പോവുകയും ചെയ്തു. ദിവസങ്ങളായി ഒളിവിൽ കഴിഞ്ഞ അക്രമി സംഘത്തെ ഇന്നലെയാണ് പോലീസിൻറെ വലയിലാക്കാൻ കഴിഞ്ഞത്. നടപടി ക്രമങ്ങൾ പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# പക്ഷിപ്പനി: 4000 കോഴികളെ കള്ളിംഗ് നടത്തി

വൈക്കം: പക്ഷിപ്പനി ബാധിച്ച ഉദയനാപുരം ശ്രീനാരായണപുരത്തെ രണ്ടു ഫാമുകളിലെയും ഒരുകിലോമീറ്റർ ചുറ്റളവിലെയും 4000 വളർത്തുപക്ഷികളെ കള്ളിംഗിനുവിധേയമാക്കി. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെയാണ് ഉദ്യോഗസ്ഥർ കള്ളിംഗ് നടത്തിയത്. യന്ത്രം ഉപയോഗിച്ച് നിശ്ചിത വലിപ്പത്തിലുള്ള കുഴിയിൽ ശാസ്ത്രീയമായാണ് കള്ളിംഗ് നടത്തി കോഴികളെ കുഴിച്ചിട്ടത്.

സുരക്ഷാ വസ്ത്രങ്ങളും മറ്റു സുരക്ഷാസംവിധാനങ്ങളുമായി രണ്ട് ഗ്രൂപ്പുകളായിട്ടാണ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള സന്നദ്ധ പ്രവർത്തകർ പക്ഷികളുടെ കള്ളിംഗ് നടത്തിയത്. രോഗബാധ കണ്ടെത്തിയ കോഴി ഫാമിലെയും മറ്റൊരു ഫാമിലെയും മുട്ടക്കോഴികളെയും ഇറച്ചിക്കോഴികളെയും സമീപപ്രദേശത്തുള്ളവയെയും നശിപ്പിച്ചു.

മൃഗസംരക്ഷണ വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെയും ആരോഗ്യ വകുദ്യോഗസ്ഥരുടെയും നേതൃത്വത്തിലാണ് കള്ളിംഗ് നടപടികൾ നടന്നത്. ഉദയനാപുരം പഞ്ചായത്ത് പ്രസിഡൻറ് കെ. ജി. രാജുവും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശശികുമാറും പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകി. കഴിഞ്ഞ ശനിയാഴ്ചയാണ് പുത്തൻകരി പി. ഡി. ജോണിൻറെ ഫാമിൽ പക്ഷിപ്പനി സ്ഥിരീകരിച്ചത്. ഇവിടെ 6000 കോഴികൾ ഉണ്ടായിരുന്നതിൽ 4500 ലധികം കോഴികൾ പക്ഷിപ്പനി ബാധിച്ച് ചത്തിരുന്നു. ബാക്കി കോഴികളെയാണ് നശിപ്പിച്ചത്.

ഈ ഫാമിലല്ലാതെ മറ്റൊരിടത്തും പക്ഷിപ്പനി വ്യാപിച്ചതായി കണ്ടെത്തിയിട്ടില്ല. ഇതര സംസ്ഥാനത്തുനിന്നടക്കം പുറത്തുനിന്ന് നിയന്ത്രിത മേഖലയിൽ പക്ഷികളെയും പക്ഷി ഉത്പന്നങ്ങളും കൊണ്ടുവരുന്നതും പുറത്തേക്ക് കൊണ്ടുപോകുന്നതും നിരോധിച്ചിട്ടുണ്ട്.

എന്നാൽ പക്ഷികളെ നശിപ്പിക്കുന്ന നടപടി ആറു ദിവസം താമസിച്ചതിനാൽ പ്രദേശത്തെ പല കോഴി ഫാമുകളിലെയും കോഴികളെ ഇതിനകം ഉടമസ്ഥർ മാറ്റിയതായി പ്രദേശവാസികൾ പറഞ്ഞു.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. മനോജ് കുമാർ, ചീഫ് വെറ്റനറി ഓഫീസർ ഡോ. ഡന്നീസ് തോമസ്, പഞ്ചായത്ത് മെഡിക്കൽ ഓഫീസർ ഡോ. അലക്സ്, പഞ്ചായത്ത് വെറ്റനറി ഓഫീസർ ഡോ. ധന്യാരാജൻ എന്നിവരുടെ മേൽനോട്ടത്തിലാണ് കള്ളിംഗ് നടന്നത്.

# ഗൂഡല്ലൂരിനടുത്ത് വീട്ടമ്മ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു

സുൽത്താൻബത്തേരി: ഗൂഡല്ലൂരിനടുത്ത് വനത്തിൽ സ്ത്രീയെ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തി. പൈക്കാര അനുപുറം സ്വദേശി പാർവതി (58)യാണ് മരിച്ചത്. വീടിനടുത്തുനിന്നു രണ്ടു കിലോമീറ്റർ അകലെ ഉൾവനത്തിലായാണ് മൃതദേഹം കണ്ടെത്തിയത്.

ഇക്കഴിഞ്ഞ പതിനൊന്നാം തീയതി പകൽ കുടുംബകലഹത്തെത്തുടർന്ന് വീടുവിട്ടിറങ്ങിയതായിരുന്നു പാർവതി. ബന്ധുവീട്ടിലേക്കായിരിക്കും പോയിരിക്കുകയെന്ന നിഗമനത്തിൽ വീട്ടുകാർ മതിയായ അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നില്ല. എന്നാൽ പിന്നീടാണ് ബന്ധുവീട്ടിൽ എവിടെയും എത്തിയിട്ടില്ലെന്ന് അറിഞ്ഞത്.

പരിഭ്രാന്തരായ ബന്ധുക്കൾ ജനപ്രതിനിധികളുടെയും മറ്റും സഹായം തേടി ബുധനാഴ്ച പോലീസിനെയും വനംവകുപ്പിനെയും വിവരമറിയിച്ചു. തുടർന്ന് പൈക്കാര ഫോറസ്റ്റ് റെയ്ഞ്ചർ മഞ്ജുഹാസിനിയുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ ഇവരുടെ വീടിന് സമീപത്തെ തേയിലത്തോട്ടത്തിൽ വന്യജീവിയുടെ കാൽപ്പാടുകൾ കണ്ടെത്തി.

തുടർന്നുള്ള തെരച്ചിലിനായി ആൻറി നക്സൽ സ്ക്വാഡിനെയാണ് ചുമതലപ്പെടുത്തിയത്. ഈ സംഘം നടത്തിയ പരിശോധനയിലാണ് ഉൾവനത്തിൽ കർപ്പാകം റിസർവ് വനഭാഗത്ത് പാർവതിയുടെ മൃതദേഹഭാഗങ്ങൾ കണ്ടെത്തിയത്.

പോലീസ് എത്തി ഇൻക്വസ്റ്റ് നടത്തിയ ശേഷം ഊട്ടി മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി. ഇവിടെ നടത്തിയ പോസ്റ്റ്മോർട്ടത്തിലാണ് പാർവതി കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതൊണെന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചത്.

സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തും. വീട്ടമ്മ വീടുവിട്ടിറങ്ങാനുണ്ടായ സാഹചര്യങ്ങൾ അന്വേഷിച്ചേക്കും. കൊല്ലപ്പെട്ട പാർവതിയുടെ ബന്ധുക്കൾ പരാതി നൽകിയാൽ സ്ത്രീ വീടുവിട്ടിറങ്ങാൻ കാരണക്കാരായവരെ അടക്കം പോലീസ് ചോദ്യംചെയ്യും.

# പെട്രോൾ പമ്പിൽ നിന്നു പണം കവർന്നയാൾ അറസ്റ്റിൽ

പേരൂർക്കട: പാളയത്തെ പെട്രോൾ പമ്പിൽ നിന്നു പണം കവർന്നയാളെ മ്യൂസിയം പോലീസ് അറസ്റ്റുചെയ്തു. മലപ്പുറം സ്വദേശി തഫ്സീർ ഡർവേഷ് (29) ആണ് അറസ്റ്റിലായത്. കഴിഞ്ഞ ദിവസം പുലർച്ചെയായിരുന്നു സംഭവം. പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് എതിർവശത്തുള്ള പെട്രോൾ പമ്പിലായിരുന്നു കവർച്ച.

രണ്ടുദിവസത്തെ കളക്ഷൻ തുകയായ ഒന്നരലക്ഷം രൂപയാണ് കവർച്ച ചെയ്യപ്പെട്ടത്. അടുത്തടുത്ത് അവധിദിനം വന്നതിനാൽ കളക്ഷൻ തുക ബാങ്കിൽ നിക്ഷേപിക്കാതെ ഡ്രോയറിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു.

സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് വാതിൽ കുത്തിത്തുറന്നാണ് ഉള്ളിൽക്കടന്നത്. പമ്പിൽ രണ്ടു ജീവനക്കാർ മാത്രമാണ് ഉള്ളത്. എന്നാൽ സംഭവദിവസം ഒരാൾ മാത്രമാണ് ഉണ്ടായിരുന്നത്.

ഇദ്ദേഹത്തിൻറെ കണ്ണുവെട്ടിച്ചാണ് പ്രതി ഉള്ളിൽക്കടന്നത്. സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെ പ്രതിയെ തിരിച്ചറിഞ്ഞ പോലീസ് എറണാകുളത്തെ ഒരു ലോഡ്ജിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്.

മോഷണത്തുകയിൽ നിന്ന് 96,000 രൂപ പ്രതിയുടെ അക്കൗണ്ടിൽ നിന്നും 23,000 രൂപ ഇയാളുടെ ബാഗിൽ നിന്നും പോലീസ് കണ്ടെത്തി. മോഷണം നടത്തി ആഡംബര ജീവിതം നയിക്കുകയാണ് പ്രതിയുടെ രീതിയെന്ന് അന്വേഷണ സംഘം അറിയിച്ചു.

30, 000 ഓളം രൂപ ഇയാൾ ഒറ്റദിവസം കൊണ്ട് ചെലവഴിച്ചുവെന്നാണ് പോലീസ് കണ്ടെത്തിയിരിക്കുന്നത്. എറണാകുളം സിറ്റി പോലീസ്, സൈബർ സെൽ എന്നിവരുടെ സഹായത്തോടുകൂടിയാണ് മ്യൂസിയം സി. ഐ ഉൾപ്പെട്ട സംഘം പ്രതിയെ കസ്റ്റഡിയിലെടുത്തത്. ഇയാളെ കോടതി റിമാൻഡ് ചെയ്തു.

# ക്രിമിനൽ കേസ് പ്രതി എംഡിഎംഎയുമായി പിടിയിൽ

തിരുവനന്തപുരം: ചിറയിൻകീഴിൽ ലഹരി വേട്ട. എംഡിഎംഎ യുമായി ക്രിമിനൽ കേസ് പ്രതിയെ എക്സൈസ് സംഘം സഹസികമായി പിടികൂടി.

എക്സൈസ് നർക്കോട്ടിക് സ്പെഷൽ സ്ക്വാഡിന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ നിഷാദിൻറെ നേതൃത്വത്തിൽ ചിറയിൻകീഴ് ശാർക്കര ക്ഷേത്രത്തിനു സമീപം ദൈവകൃപ വീട്ടിൽ അഗാറസിനെ(26)നെ അതി സാഹസികമായി പിടികൂടി.

ഇയാളിൽ നിന്നും വ്യാവസായിക അളവിലുള്ള 18 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു. പ്രതിയും ബന്ധുക്കളും ചേർന്ന് എക്സൈസ് ഉദ്യോഗസ്ഥരെ ആക്രമിച്ചു പ്രതിയെ രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും സിനിമയെ വെല്ലുന്ന നിലയിൽ അസാഹസപ്പെട്ടാണ് പ്രതിയെ എക്സൈസ് ഉദ്യോഗസ്ഥർ കീഴ്പ്പെടുത്തിയത്. പ്രതിയുടെ സഹോദരൻ, മാതാവ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് എക്സൈസ് ഉദ്യോഗസ്ഥരെ ആക്രമിച്ചത്. സിവിൽ എക്സൈസ് ഓഫീസർമാരായ ആരോമൽ രാജൻ, ശരൺ എന്നിവർക്ക് പരിക്കേറ്റു.

തുടർന്ന് ഉദ്യോഗസ്ഥർ ചിറയിൻകീഴ് ആശുപത്രിയിൽ ചികിത്സ തേടി. ഉദ്യോഗസ്ഥരെ ആക്രമിച്ചതിനും, ഡ്യൂട്ടി തടസ്സപ്പെടുത്തിയതിനും ചിറയിൻകീഴ് പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

പ്രതി മയക്കുമരുന്നുമായി ബന്ധപ്പെട്ട നിരവധി കേസുകളിലെ പ്രതിയും ജയിൽ ശിക്ഷ അനുഭവിച്ചയാളുമാണ്.

# എറണാകുളത്ത് ലോറിയുടെ ക്യാബിനിനുള്ളിൽ ഡ്രൈവർ മരിച്ച നിലയിൽ

കോഴിക്കോട്: എറണാകുളത്ത് ലോറി ഡ്രൈവറെ മരിച്ച നിലയിൽ കണ്ടെത്തി. പയ്യോളി ഐപിസി റോഡിൽ കറ്റേരി പാലത്തിന് സമീപം താമസിക്കുന്ന സമീർ(46) ആണ് മരിച്ചത്.

ഹൃദയാഘാതത്തെ തുടർന്നാണ് മരണമെന്നാണ് പ്രാഥമിക നിഗമനം. കഴിഞ്ഞ ദിവസം വൈകുന്നേരമാണ് സംഭവം. എറണാകുളം പിറവത്ത് ലോറിയുടെ ക്യാബിനുള്ളിൽ സമീറിനെ മരിച്ച നിലയിൽ കണ്ടെത്തിയതായി ബന്ധുക്കൾക്കും പയ്യോളി പോലീസിനും വിവരം ലഭിക്കുകയായിരുന്നു.

പുതിയോട്ടിൽ കെ. സി ഖാദറിൻറെയും സുബൈദയുടെയും മകനാണ്. ഭാര്യ: മിൻഹാസ്. മക്കൾ: സഫ്വാൻ, സൈഫ, സമീർ. എറണാകുളം മൂവാറ്റുപുഴ ഗവൺമെൻറ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയ ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി.

# വനിതാ സംവരണ ബിൽ; ഇന്നും കറുപ്പണിഞ്ഞ് ഡിഎംകെ എംപിമാർ

ന്യൂഡൽഹി: വനിതാ സംവരണ ബിൽ ചർച്ചയിൽ കേന്ദ്ര സർക്കാരിനെ വിമർശിച്ച് ഡിഎംകെ. ബില്ല് വന്നാൽ പാർലമെൻറിലെ തമിഴ് ശബ്ദമില്ലാതാകുമെന്നും ജനസംഖ്യാ നിയന്ത്രണം മികച്ച രീതിയിൽ നടത്തിയ സംസ്ഥാനങ്ങൾക്ക് തിരിച്ചടിയാണ് ബില്ലെന്നും കനിമൊഴി പറഞ്ഞു.

പ്രതിഷേധ സൂചകമായി സഭയിൽ ഇന്നും കറുപ്പണിഞ്ഞ് കൊണ്ടാണ് ഡിഎംകെ അംഗങ്ങൾ എത്തിയത്. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ലംഘിച്ചെന്ന് കനിമൊഴി പറഞ്ഞു. പഴയ ബില്ല് വിജ്ഞാപനം ചെയ്യാതെ പുതിയ ബില്ല് ചർച്ച ചെയ്യുന്നത് എന്തിനാണ്.

പ്രാബല്യത്തിലാകാത്ത നിയമത്തിനാണ് ഭേദഗതി തയാറാക്കിയതെന്നും കനിമൊഴി പറഞ്ഞു. നീതിയെന്നു പറയുന്നത് എല്ലാവരെയും ഒരുപോലെ പരിഗണിക്കുന്നതാണ്. സംസ്ഥാനങ്ങളുമായോ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായോ സംസാരിച്ചിരുന്നോ.

രാജ്യത്തെ ജനാധിപത്യ ഭൂപടം മാറ്റിവരയ്ക്കാനാണ് കേന്ദ്ര ശ്രമം. എന്ത് കൊണ്ട് തെരഞ്ഞെടുപ്പ് വേളയിൽ ബില്ല് കൊണ്ടുവന്നു. രാജ്യത്തെ വനിതകൾക്ക് ഇന്ന് സംവരണം ആവശ്യമാണ്. നിലവിലെ 543 സീറ്റുകളിൽ സംവരണം നടത്തട്ടെയെന്നും കനിമൊഴി പറഞ്ഞു.

# യൂത്ത് കോൺഗ്രസ് നേതാവിൻെറ തല അടിച്ചു പൊട്ടിച്ച സംഭവം: മുഖ്യപ്രതി അറസ്റ്റിൽ

കൊച്ചി: യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി മുനമ്പം പാണ്ഡികശാല പി. ജി. പൃഥിരാജിൻറെ തല ഇരുമ്പ് പൈപ്പിന് അടിച്ചു പൊട്ടിച്ച കേസിൽ മുഖ്യപ്രതി അറസ്റ്റിൽ. പള്ളിപ്പുറം കാതികുളത്ത് ശരൺജിത്താണ് അറസ്റ്റിലായത്. മൂന്ന് അംഗ സംഘത്തിലെ മറ്റ് രണ്ടുപേർ ഒളിവിലാണ്.

വിഷുത്തലേന്ന് രാത്രി പള്ളിപ്പുറം ഭുവനേശ്വരി ബീച്ചിൽ ആളൊഴിഞ്ഞിടത്ത് പടക്കം പൊട്ടിച്ച യുവാക്കളെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സംഘത്തെ ചോദ്യം ചെയ്തതിലുള്ള വിരോധമാണ് ആക്രമണത്തിലേക്ക് നയിച്ചത്. പൃഥിരാജ് കുഴുപ്പിള്ളി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

# നിതിൻറേത് അസ്വാതന്ത്ര്യത്തിൻെറ മരണം; പോലീസ് പരാജയമെന്ന് ചാണ്ടി ഉമ്മൻ

നെടുമങ്ങാട്: അഞ്ചരക്കണ്ടി ദന്തൽ കോളജ് വിദ്യാർഥി നിതിൻ രാജിൻറെ മരണം ആധുനിക കേരളത്തിന് അപമാനമാണെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ. ഉഴമലയ്ക്കലിലെ നിതിൻറെ വസതി സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിൽ പോലീസിന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്.

നിതിൻറെ സഞ്ചയന ദിവസം പോലും പ്രതികളെ പിടികൂടാത്തത് ഖേദകരമാണെന്നും അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും കാമ്പസുകളിൽ കുട്ടികൾ വിവേചനം നേരിടേണ്ടി വരുന്നത് നാം അസ്വാതന്ത്ര്യത്തിലേക്ക് നീങ്ങുന്നതിൻറെ സൂചനയാണെന്ന് എംഎൽഎ ചൂണ്ടിക്കാട്ടി.

കേരള പോലീസിൻറെ ഭാഗത്തുനിന്ന് ഈ കേസിൽ വലിയ ഉദാസീനത യുണ്ടാകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കാമ്പസുകളിലെ ഹരാസ്മെൻറുകൾ തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പരാജയപ്പെടുകയാണ്. കമ്മിറ്റികൾ ഉണ്ടെന്നതുകൊണ്ട് മാത്രം കാര്യമില്ല, അവയുടെ പ്രവർത്തനം ഉറപ്പാക്കണം.

ആൻറി റാഗിംഗിൻറെ ഭാഗമായി ജില്ലാ-സംസ്ഥാന തലങ്ങളിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരണം.

കാമ്പസിനുള്ളിലെ വിവേചനങ്ങൾക്കെതിരെ വ്യക്തമായ സന്ദേശം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നും ചാണ്ടി ഉമ്മൻ കുറ്റപ്പെടുത്തി.

# മോദി ജാല വിദ്യക്കാരൻ; രാഹുൽ ഗാന്ധി മാപ്പ് പറയണമെന്ന് രാജ്നാഥ് സിംഗ്

ന്യൂഡൽഹി: വനിതാ സംവരണബില്ല് ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കടന്നാക്രമിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

മോദിയെ ജാലവിദ്യക്കാരനോട് ഉപമിച്ച രാഹുലിൻറെ പരാമർശം വിവാദമായതോടെ ഭരണപക്ഷം പ്രതിഷേധവുമായി രംഗത്തെത്തി.

ജാലവിദ്യക്കാരൻ ഒടുവിൽ പിടിക്കപ്പെട്ടു. ബാലക്കോട്ടും ഓപ്പറേഷൻ സിന്ദൂറും ജാലവിദ്യയാണ്. മാജിക്കുകാരനും ബിസിനുകാരനും തമ്മിൽ ബന്ധമുണ്ടെന്നും രാഹുൽ ഗാന്ധി പറഞ്ഞു. ഇതോടെ കടുത്ത പ്രതിഷേധവുമായി ഭരണപക്ഷം രംഗത്തെത്തി.

രാഹുൽ മാപ്പ് പറയണമെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ആവശ്യപ്പെട്ടു. സഭയിൽ ഇത്തരം പരാമർശങ്ങൾ അനുവദിക്കില്ലെന്ന് സ്പീക്കർ ഓം ബിർളയും പറഞ്ഞു.

ജാലവിദ്യക്കാരൻ എന്ന വാക്ക് അൺപാർലമെൻററിയാണെന്ന് സ്പീക്കർ വ്യക്തമാക്കി.

# കളിയാക്കിയത് ചോദ്യംചെയ്തു; 12കാരനെ ഓലമടൽ കൊണ്ട് ക്രൂരമായി മർദിച്ച യുവാവ് അറസ്റ്റിൽ

കാട്ടാക്കട: കളിയാക്കിയത് ചോദ്യം ചെയ്തതിലുള്ള വൈരാഗ്യത്തിൽ 12കാരനെ ഓലമടൽ കൊണ്ട് ക്രൂരമായി മർദിച്ച 22കാരനെ തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തു. പുഞ്ചക്കരി ആഴോകോണം കുളത്തിൻകര വീട്ടിൽ രാഹുലാണ് (22) പിടിയിലായത്. കഴിഞ്ഞ ദിവസം വൈകുന്നേരം നാലിനാണ് സംഭവം. ആക്രമണത്തിൽ കുട്ടിക്ക് സാരമായ പരിക്കുണ്ട്.

ഇയാൾ തിരുവല്ലം, നേമം സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആറോളം കേസുകളിൽ പ്രതിയാണ്. കാപ്പ നിയമപ്രകാരം സിറ്റി പോലീസ് പരിധിയിൽ പ്രവേശിക്കുന്നതിന് ആറുമാസത്തേക്ക് വിലക്ക് നിലനിൽക്കേയാണ് സംഭവം.

കുട്ടിയെ ആക്രമിച്ചതിനും കാപ്പാ ലംഘനം നടത്തിയതിനും പ്രത്യേകം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.